24
2025
സെപ്റ്റംബർ
ബുധൻ
കന്നി 8

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No. 238 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-238 പേജ് 4. വില 2.00 രൂപ

02 പ്രിയ ഗായകന് വിട ചൊല്ലി രാജ്യം; സുബീന്റെ മൃതദേഹം സംസ്കരിച്ചു

03 പലസ്തീനെ സ്വതന്ത്രരാഷ്ട്രമായി അംഗീകരിച്ച് ഫ്രാൻസ്

04 ഓപ്പറേഷൻ നുംഖോർ: ദുൽഖറിന്റെ വാഹനം പിടിച്ചെടുത്തു

# 500 കപ്പലുകൾ
## പുതിയ നാഴികകല്ല് പിന്നിട്ട് വിഴിഞ്ഞം

തിരുവനന്തപുരം: വാണിജ്യ പ്രവർത്തനങ്ങൾ ആരംഭിച്ച് പത്ത് മാസത്തിനുള്ളിൽ പുതിയ നാഴികകല്ല് പിന്നിട്ട് വിഴിഞ്ഞം. ചുരുങ്ങിയ കാലയളവിൽ 500 കപ്പലുകളാണ് വിഴിഞ്ഞത്ത് വന്നെത്തിയത്. ലോകത്തെ ഏറ്റവും വലിയ ചരക്കു കപ്പൽ ആയ എംഎസ്!സിഐറിന അടക്കം ദക്ഷിണേഷ്യയിൽ ആദ്യമായി ബെർത്ത് ചെയ്ത കപ്പലുകളും കൂട്ടത്തിലുണ്ട്.



ഇന്ന് പുലർച്ചെ എംഎസ്സി വെറോണ തുറമുഖത്ത് നങ്കൂരമിട്ടതോടെയാണ് നേട്ടം. ലോക ചരക്കു കപ്പൽ ഗതാഗതത്തിൽ വിഴിഞ്ഞത്തിന് എത്രത്തോളം പ്രാധാന്യമുണ്ടെന്നതിന്റെ തെളിവാണ് പുതിയ നേട്ടമെന്ന് മന്ത്രി വി എൻ വാസവൻ ഫേസ്ബുക്കിൽ കുറിച്ചു. ഇന്ത്യയിൽ ഇതുവരെ കൈകാര്യം ചെയ്തതിൽവെച്ച് ഏറ്റവും ആഴം കൂടിയ ഡ്രാഫ്റ്റുള്ള കണ്ടെയ്നർ കപ്പലായ എംഎസ്!സി വെറോണ ചെവ്വാഴ്ച രാവിലെയാണ് തുറമുഖത്ത് നങ്കൂരമിട്ടത്. ഇത്തരത്തിൽ ഒരു ദിവസം രണ്ട് റെക്കോർഡാണ് വിഴിഞ്ഞം സ്വന്തമാക്കിയത്. ഓരോ ഘട്ടവും ഉറച്ച ചുവടോടെ വിഴിഞ്ഞം വളർന്നുകൊണ്ടിരിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു.

പ്രവർത്തനം തുടങ്ങിയത് മുതൽ വിഴിഞ്ഞം നേട്ടങ്ങളോടെയാണ് മുന്നേറിയത്. ഒമ്പത് മാസത്തിനുള്ളിൽ 10 ലക്ഷം കണ്ടെയ്നറുകളാണ് കൈകാര്യം ചെയ്ത്. കൺസഷൻ കരാർ പ്രകാരം ആദ്യവർഷം ആകെ 3 ലക്ഷം കണ്ടെയ്നറുകൾ കൈകാര്യം ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിച്ചതെങ്കിലും മൂന്നിരട്ടിയിലേറെ കൈകാര്യം ചെയ്താണ് വിഴിഞ്ഞം കരുത്ത് തെളിയിച്ചത്. 2024 ഡിസംബർ മൂന്നിനാണ് വിഴിഞ്ഞത്ത് വാണിജ്യ പ്രവർത്തനങ്ങൾ ആരംഭിച്ചത്. ഈ ഡിസംബർ ആകുമ്പോഴേക്കും 1314 ലക്ഷം വരെ കൈകാര്യം ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. യൂറോപ്പ്, യു എസ്, ആഫ്രിക്ക, ചൈന അടക്കമുള്ള ലോകത്തെ പ്രധാന സമുദ്ര വാണിജ്യ മേഖലകളിലേക്ക് നേരിട്ടുള്ള സർവീസുകൾ തുടങ്ങാൻ കഴിഞ്ഞതാണ് വിഴിഞ്ഞത്തിന്റെ കുതിപ്പിന്റെ വേഗം കൂട്ടിയത്.

## കാട്ടാക്കട ഗായത്രി വധക്കേസ്: പ്രവീണിന് ജീവപര്യന്തം തടവ്

കാട്ടാക്കട: കാട്ടാക്കട ഗായത്രി വധക്കേസിൽ പ്രതി പ്രവീണിനു ജീവപര്യന്തം തടവുശിക്ഷ വിധിച്ചു കോടതി. ഒരു ലക്ഷം രൂപ പിഴയും വിധിച്ചിട്ടുണ്ട്. തിരുവനന്തപുരം അഡീഷണൽ സെഷൻസ് കോടതിയാണ് ശിക്ഷ വിധിച്ചത്. 2022 മാർച്ച് അഞ്ചിനാണ് കാട്ടാക്കട വീരണകാവ് സ്വദേശി ഗായത്രി (25) യെ സുഹൃത്ത് കൊല്ലം പരവൂർ സ്വദേശി പ്രവീൺ കൊലപ്പെടുത്തിയത്. വിവാഹിതനും രണ്ടു കുട്ടികളുടെ പിതാവുമായ പ്രവീൺ ഗായത്രിയുമായി പ്രണയത്തിലായിരുന്നു. 2021ൽ വെട്ടുകാട് പള്ളിയിൽവച്ച് ഇയാൾ ജ്വല്ലറി റിസപ്ഷനിസ്റ്റായ ഗായത്രിയെ വിവാഹം കഴിച്ചു.

പ്രവീണിന്റെ ഭാര്യ ഈ വിവരമറിഞ്ഞു ജ്വല്ലറിയിലെത്തി ബഹളംവച്ചതിനെത്തുടർന്ന് ഗായത്രി റിസപ്ഷനിസ്റ്റ് ജോലി രാജിവെച്ചു. പിന്നീട് ഗായത്രിയെ ഒഴിവാക്കാൻ പ്രവീൺ തീരുമാനിക്കുകയായിരുന്നു. തുടർന്ന് 2022 മാർച്ച് അ ഞ്ചിനു തമ്പാനൂർ അരിസ്റ്റോ ജം ഗ്ഷനു സമീപമുള്ള ഹോട്ടലിൽ മുറിയെടുത്തു ഗായത്രിയെ അവിടേക്ക് കൂട്ടിക്കൊണ്ടു വന്നു. വൈകുന്നേരം അഞ്ചു മണിയോടെ മുറിക്കുള്ളിൽ വച്ച് ഗായത്രി ധരിച്ചിരുന്ന ചുരിദാറിന്റെ ഷാൾ കഴുത്തിൽ ചുറ്റി വലിച്ചു ശ്വാസം മുട്ടിച്ച് കൊലപ്പെടുത്തിയെന്നാണ് കേസ്. ഗായത്രി ആത്മഹത്യ ചെയ്തതാണെന്നു വരുത്തി തീർക്കാനും പ്രതി ശ്രമിച്ചിരുന്നു.

സംഭവ ദിവസം വിഷയം പറഞ്ഞ് തീർക്കാൻ എന്നു പറഞ്ഞ് ഗായത്രിയെ പ്രവീൺ തമ്പാനൂരിലെ ഹോട്ടലിലേക്ക് വിളിച്ചു. കാട്ടാക്കടയിൽ സ്കൂട്ടറിൽ എത്തി പ്രവീൺ തന്നെയാണ് ഗായത്രിയെ കൂട്ടിയത്. തുടർന്ന് തമ്പാനൂരിലെ ഹോട്ടലിൽ എത്തിക്കുക യായിരുന്നു. കൊലപാതകത്തിനുശേഷം ബസിൽ കയറി ഇയാൾ പറവൂരിലേക്ക് പോയി. രാത്രി 12.30ഓടെ ഹോട്ടലിൽ വിളിച്ച് ഗായത്രി മരിച്ചുകിടക്കുന്ന വിവരം അറിയിച്ചു. രക്ഷപ്പെടാൻ കഴിയില്ലന്നു മനസിലാക്കിയതോടെ കീഴടങ്ങാൻ തീരുമാനിക്കുകയായി രുന്നു. ഇതിനിടെ പോലീസിന്റെ പിടിയിലാകുകയായിരുന്നു. ദൃക്സാക്ഷികൾ ഇല്ലാതിരുന്ന കേസിൽ സാഹചര്യ തെളിവുകളുടെയും ശാസ്ത്രീയ തെളിവുകളുടെയും അടിസ്ഥാനത്തിലാണ് കുറ്റക്കാരനെന്നു കണ്ടെത്തിയത്. ഹോട്ടൽ മുറിയിൽ നിന്നു ശേഖരിച്ച വിരലടയാളങ്ങൾ പ്രവീണിന്റേതു തന്നെയെന്നു കണ്ടെത്തിയിരുന്നു. ഗായത്രിയുടെ കഴുത്തിലെ മുറിവുകൾ ആത്മഹത്യ ചെയ്യുന്നതിനിടെ ഉണ്ടാകില്ലെന്ന് പോസ്റ്റ്മോർട്ടം നടത്തിയ ഡോക്ടർ മൊഴി നൽകിയിരുന്നു.

## വിഴിഞ്ഞം തുറമുഖം; നവംബർ ഒന്നുമുതൽ റോഡ് മാർഗം ചരക്കുനീക്കം

തിരുവനന്തപുരം: കേരളപ്പിറവി ദിനംമുതൽ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് ആഭ്യന്തര ചരക്ക് കയറ്റിറക്ക് നടക്കും. കസ്റ്റംസ് അനുമതി ലഭ്യമായതോടെയാണിത്. വിഴിഞ്ഞത്തെയും ദേശീയപാതയെയും ബന്ധിപ്പിക്കുന്ന റോഡിന്റെ നിർമാണം ഉടൻ പൂർത്തിയാക്കും. 300 മീറ്റർ റോഡു കൂടി നിർമിക്കാനുണ്ട്. ഗേറ്റ് വേ കാർഗോ തുടങ്ങുന്നതോടെ തുറമുഖത്തിന്റെ ഗുണം പ്രാദേശിക വിപണിയിലും പ്രതിഫലിക്കും.



കാർഷിക, മത്സ്യമേഖലയിൽ കയറ്റുമതി വർധിക്കും. വിഴിഞ്ഞത്തുനിന്ന് റോഡ് മാർഗം ചരക്കെത്തിച്ച് യൂറോപ്പ്, അമേരിക്ക, ആഫ്രിക്ക എന്നിവിടങ്ങളിലേക്ക് ഇപ്പോഴുള്ളതിന്റെ പകുതിയിലേറെ സമയംകൊണ്ട് എത്തിക്കാനാകും. യൂറോപ്യൻ രാജ്യങ്ങളെ ബന്ധിപ്പിക്കുന്ന മെഡിറ്ററേനിയൻ ഷിപ്പിങ് കമ്പനിയുടെ(എംഎസ്സി) ജേഡ് സർവീസും ആഫ്രിക്കൻ രാജ്യങ്ങളെ ബന്ധിപ്പിക്കുന്ന ചരക്കുകപ്പൽ സർവീസും വിഴിഞ്ഞത്ത് എത്തുന്നുണ്ട്.

കേരളത്തിന് പുറമേ തമിഴ്നാട്, കർണാടക എന്നീ സംസ്ഥാനങ്ങളും റോഡ് മാർഗം ചരക്കുകൾ എത്തിക്കാനും കൊണ്ടുപോകാനും സംവിധാനം പ്രയോജനപ്പെടുത്തും. നിലവിൽ ട്രാൻസ്ഷിപ്പ്മെന്റാണ് (വലിയകപ്പലുകളിൽ എത്തുന്ന ചരക്കുകൾ ചെറുകപ്പലുകൾ വഴി മറ്റു തുറമുഖങ്ങളിലേക്ക് എത്തിക്കുകയാണ്) നടക്കുന്നത്. ഡിസംബർ മൂന്നിനാണ് കൊമേഴ്സ്യൽ ഓപ്പറേഷൻസ് ആരംഭിച്ചത്. ഒന്പതുമാസം പൂർത്തിയാകുംമുന്പ് കൈകാര്യശേഷി പൂർണമായും നേടാനായി. 10 ലക്ഷം ടിഇയു ആണ് കൈകാര്യശേഷിയായി നിശ്ചയിച്ചിരുന്നത്.

ഇതിനകം 470ലേറെ കപ്പലുകൾ വിഴിഞ്ഞത്തെത്തി. 10. 20 ലക്ഷത്തിലേറെ കണ്ടെയ്നറുകൾ കൈകാര്യം ചെയ്തു. ഏറ്റവും വളർച്ചയുള്ള ആഴക്കടൽ ട്രാൻസ്ഷിപ്പ്മെന്റ് തുറമുഖമായാണ് വാണിജ്യലോകം വിഴിഞ്ഞത്തെ വിലയിരുത്തുന്നത്. രണ്ടാംഘട്ട നിർമാണപ്രവർത്തനത്തിന്റെ ഉദ്ഘാടനത്തിനുള്ള ഒരുക്കം തുടങ്ങി. ഇത് പൂർത്തിയാകുന്നതോടെ കൈകാര്യശേഷി 45 ലക്ഷം കണ്ടെയ്നറായി ഉയരും.

## തദ്ദേശ തെരഞ്ഞെടുപ്പ് നവംബർ–ഡിസംബർ മാസങ്ങളിൽ; വോട്ടർപട്ടിക ഒരിക്കൽ കൂടി പുതുക്കും

തിരുവനന്തപുരം: സംസ്ഥാനത്ത് തദ്ദേശ തെരഞ്ഞെടുപ്പ് നവംബർ-ഡിസംബർ മാസങ്ങളിൽ നടക്കും. ഡിസംബർ 20ന് മുൻപ് തെരഞ്ഞെടുപ്പ് പ്രകിയ പൂർത്തിയാകുന്ന തരത്തിലാണ് നടപടിക്രമങ്ങൾ മുന്നോട്ടുപോകുന്നത്. വോട്ടർ പട്ടിക ഒരിക്കൽ കൂടി പുതുക്കുമെന്നും സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ എ. ഷാജഹാൻ പറഞ്ഞു.

മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു. ഖേൽക്കറുമായി ഇതു സംബന്ധിച്ച് ഇന്ന് ചർച്ച നടത്തിയിരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പിന് ശേഷം തീയതികൾ നിശ്ചയിക്കണമെന്ന് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷനോട് അഭ്യർഥിച്ചിട്ടുണ്ട്.കേരളത്തിലെ തീവ്ര വോട്ടർ പട്ടിക പരിഷ്കരണം (എസ്ഐആർ) നീട്ടിവയ്ക്കണമെന്നും കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. എസ്ഐആറും തദ്ദേശ തെരഞ്ഞെടുപ്പും നടക്കുന്നത് ഒരേ അവസരത്തിലാണ്. രണ്ടും ചെയ്യേണ്ടത് ഒരേ ഉദ്യോഗസ്ഥരാണ്. ഇക്കാര്യം തെരഞ്ഞെടുപ്പ് കമ്മീഷനെ അറിയിച്ചിട്ടുണ്ടെന്നും ഷാജഹാൻ പറഞ്ഞു.

## കെഎസ്ആർടിസി കണ്ടക്ടറുമായി തർക്കം; ബസിന്റെ ഗ്ലാസ് എറിഞ്ഞു പൊട്ടിച്ച യാത്രക്കാരൻ പിടിയിൽ

തിരുവല്ല: കുറ്റൂരിൽ കെഎസ്ആർടിസി ബസിന്റെ പിൻവശത്തെ ഗ്ലാസ് എറിഞ്ഞു പൊട്ടിച്ച യാത്രക്കാരൻ പിടിയിൽ. കണ്ടക്ടറുമായുള്ള തർക്കത്തിനെ തുടർന്നാണ് ബസിന് നേരെ ഇയാൾ ആക്രമണം നടത്തിയത്. ആഞ്ഞിലിത്താനം സ്വദേശി രതീഷ് ആണ് പിടിയിലായത്. പത്തനംതിട്ട തിരുവല്ല കുറ്റൂരിലാണ് സംഭവം നടന്നത്. കണ്ടക്ടറുമായി ബാക്കി പണം ആവശ്യപ്പെട്ട് രതീഷ് തർക്കത്തിലേർപ്പെട്ടിരുന്നു. തുടർന്ന് സ്റ്റോപ്പിൽ ഇറങ്ങിയ പ്രതി ബസിന് നേരെ കല്ലെറിയുകയായിരുന്നു.

ബസിന്റെ പിൻസീറ്റിൽ ആളില്ലാതിരുന്നതിനാൽ വലിയ അപകടം ഒഴിവായത്.

## അർജൻറീന ടീം മാനേജർ കൊച്ചിയിൽ; കലൂർ സ്റ്റേഡിയത്തിൽ പരിശോധന നടത്തി

കൊച്ചി: ലയണൽ മെസിയുടെയും അർജൻറീനയുടെയും കേരളത്തിലേക്കുള്ള വരവിന് മുന്നോടിയായി ടീം മാനേജർ ഹെക്ടർ ഡാനിയേൽ കബ്രേര കൊച്ചിയിലെത്തി. മത്സരം നടക്കുന്ന കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയം സന്ദർശിക്കുന്നതിനൊപ്പം സുരക്ഷയും മറ്റ് ക്രമീകരണങ്ങളും ടീം മാനേജർ വിലയിരുത്തും. ഒപ്പം കായികമന്ത്രി വി. അബ്ദുറഹിമാനുമായും കൂടിക്കാഴ്ച നടത്തും.



ടീം താമസിക്കുന്ന ഹോട്ടൽ, ഭക്ഷണം, യാത്രകൾ, മറ്റ് സൗകര്യങ്ങൾ തുടങ്ങിയ കാര്യങ്ങളിലടക്കം കൂടിക്കാഴ്ചയിൽ ചർച്ചയുണ്ടാകും. നവംബർ 15നാണ് അർജൻറീന ടീം കേരളത്തിലെത്തുന്നത്. കേരളത്തിൽ നടക്കുന്ന മത്സരത്തിൽ അർജൻറീനയും ഓസ്ട്രേലിയയും തമ്മിൽ ഏറ്റുമുട്ടും. 15നും 18നും ഇടയിലാണ് മത്സരം. ഇത് സംബന്ധിച്ചുള്ള ഔദ്യോഗിക അറിയിപ്പും പുറത്ത് വിട്ടിട്ടുണ്ട്.



# ടിഎംഎ ഷേപ്പിങ് യങ് മൈൻഡ്സ് പ്രോഗ്രാം 26 ന് തിരുവനന്തപുരത്ത്

തിരുവനന്തപുരം: ട്രിവാൻഡ്രം മാനേജ്മെൻറ് അസോസിയേഷൻ (ടിഎംഎ) സംഘടിപ്പിക്കുന്ന ഷേപ്പിങ് യങ് മൈൻഡ്സ് പ്രോഗ്രാ(എസ് വൈഎംപി -2025)മിൽ വിവിധ മേഖലകളിലെ വിദഗ്ധർ വിദ്യാർത്ഥികളുമായും യുവ പ്രൊഫഷണലുകളുമായും സംവദിക്കും. ഓൾ ഇന്ത്യ മാനേജ്മെൻറ് അസോസിയേഷൻറെ (എഐഎംഎ) സഹകരണത്തോടെ സെപ്റ്റംബർ 26 ന് കവടിയാർ ഉദയ് പാലസ് കൺവെൻഷൻ സെൻററിലാണ് പരിപാടി നടക്കുന്നത്.

രാവിലെ 9.45 ന് നടക്കുന്ന ഉദ്ഘാടന സമ്മേളനത്തിൽ എയർ മാർഷൽ ഐപി വിപിൻ എവിഎസ്എം വിഎം (റിട്ട.), എഐഎംഎ ഡയറക്ടർ മാധവ് ശർമ എന്നിവർ മുഖ്യപ്രഭാഷണം നടത്തും. ടിഎംഎ പ്രസിഡൻറ് ജി. ഉണ്ണികൃഷ്ണൻ അധ്യക്ഷനാകും. ടിഎംഎ സെക്രട്ടറി ഉണ്ണികൃഷ്ണൻ ഗോപിനാഥ് ചടങ്ങിന് നന്ദി പറയും.

കേരളത്തിലെ 30 വയസ്സിന് താഴെയുള്ള യുവാക്കളുടെ നേതൃമികവിൽ നിർണായക സ്വാധീനം ചെലുത്തുന്ന പരിപാടിയെന്ന നിലയിലാണ് എസ് വൈഎംപി-2025 ആസൂത്രണം ചെയ്തിട്ടുള്ളത്. സമ്മേളനത്തിൽ 1000-ത്തോളം പ്രതിനിധികളാണ് പങ്കെടുക്കുന്നത്. സെൽഫ്-മാനേജ്മെൻറ്, കരിയർ പ്ലാനിംഗ്, നേതൃപാടവം, പ്രൊഫഷണൽ മികവ് എന്നിവയെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ സംവേദനാത്മക സെഷനുകളിൽ യുവ പ്രതിനിധികൾക്ക് ലഭിക്കും.

ആദ്യ സെഷനിൽ ഗ്രാൻറ് തോൺടൺ ഭാരതിലെ റിച്ചാർഡ് രേഖി സംസാരിക്കും. തിരുവനന്തപുരത്തെ ഏഷ്യൻ സ്കൂൾ ഓഫ് ബിസിനസ് അസോ. പ്രൊഫ. മാധവ സി കുറുപ്പ് ആണ് സെഷന് നേതൃത്വം നൽകുക.

ഐസിഎഫ് ചെന്നൈ മുൻ ജനറൽ മാനേജർ സുധാൻഷു മണി മുഖ്യപ്രഭാഷണം നടത്തുന്ന രണ്ടാമത്തെ സെഷനിൽ തിരുവനന്തപുരത്തെ ഡിസി സ്കൂൾ ഓഫ് മാനേജ്മെൻറ് ആൻഡ് ടെക്നോളജി ഡയറക്ടർ ഡോ. വേണി എം നായർ മോഡറേറ്ററാകും.

എൻഎസ് ഡിസി മുൻ സിഇഒയും പ്രധാനമന്ത്രിയുടെ സ്കിൽ ഇന്ത്യ മിഷൻ ഗ്രൂപ്പ് സിഇഒയും യുകെഐബിസി സ്ഥാപക സിഇഒയുമായ ജയന്ത് കൃഷ്ണ, ലെസോത്തോ, ദക്ഷിണ സുഡാൻ, ഗിനിയ-ബിസാവു പ്രധാനമന്ത്രിയുടെ പ്രത്യേക ഉപദേഷ്ടാവ് അംബാസഡർ ഡോ. ദീപക് വോറ എന്നിവർ തുടർന്നുള്ള സെഷനുകളിൽ പ്രഭാഷണം നടത്തും. മെഡികെയ്ഡ് എത്തോസ് പ്രൈവറ്റ് ലിമിറ്റഡ് കോ-ചെയർപേഴ്സണും ഗ്രൂപ്പ് സിഇഒയും നട്ട്മെഗ് സഹസ്ഥാപകയുമായ റിട്ട. വിങ് കമാൻഡർ രാഗശ്രീ ഡി നായർ, സെൻറർ ഫോർ മാനേജ്മെൻറ് ഡവലപ്മെൻറ് കേരള ഡയറക്ടർ ഡോ. ജയശങ്കർ പ്രസാദ് സി എന്നിവർ ഈ സെഷനുകളിൽ അധ്യക്ഷരാകും.

ടിഎംഎയുടെ തുടക്കകാലം തൊട്ട് സംസ്ഥാനത്തെ മാനേജ്മെൻറ്, നേതൃത്വ പ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്നതിൽ ശ്രദ്ധ ചെലുത്തുന്നുണ്ട്. എസ് വൈഎംപി-2025 ന് ആതിഥേയത്വം വഹിക്കുന്നതിലൂടെ യുവ പ്രതിഭകൾക്കും നേതൃത്വ അനുഭവങ്ങൾക്കും ഇടയിലുള്ള വിടവ് നികത്തുന്നതിനുള്ള പ്രതിബദ്ധത ടിഎംഎ വ്യക്തമാക്കുന്നു.

# പ്രിയ ഗായകന് വിട ചൊല്ലി രാജ്യം; സുബീൻ ഗാർഗിന്റെ മൃതദേഹം സംസ്കരിച്ചു



ഗുവാഹത്തി: പ്രിയ ഗായകന് വിട ചൊല്ലി രാജ്യം. സുബീൻ ഗാർഗിന്റെ മൃതദേഹം സംസ്ഥാന ഔദ്യോഗിക ബഹുമതികളോടെ സംസ്കരിച്ചു. കടുത്ത ചൂട് അവഗണിച്ചാണ് പതിനായിരങ്ങൾ സുബീൻ ഗാർഗിന് അന്ത്യോപചാരമർപ്പിക്കാൻ എത്തിയത്. സഹോദരി പാമി ബോർഠാക്കുർ ആണ് അന്ത്യകർമങ്ങൾ നിർവഹിച്ചത്. മുഖ്യമന്ത്രി ഹിമന്ത ബിശ്വ ശർമ, കേന്ദ്രമന്ത്രി കിരൺ റിജ്ജു ഉൾപ്പെടെ നിരവധിപ്പേർ പുഷ്പചക്രം സമർപ്പിച്ചു.

ചടങ്ങിൽ ഗാർഗിന്റെ ഏറെ പ്രശസ്തമായ പാട്ടുകളിൽ ഒന്നായ മായബിനി ആരാധകർ ആലപിച്ചു. താൻ മരിക്കുമ്പോൾ ഈ പാട്ട് കേൾപ്പിക്കണമെന്ന് ഗാർഗ് മുമ്പ് പലതവണ ആവശ്യപ്പെട്ടിരുന്നു.

ബോളിവുഡിൽ നിരവധി ഹിറ്റ് ഗാനങ്ങൾ സമ്മാനിച്ച സുബീൻ ഗാർഗ് എന്ന അസമീസ് ഗായകന്റെ വേർപാട് ആരാധകർ ഏറെ ഞെട്ടലോടെയാണ് സ്വീകരിച്ചത്. ഇക്കഴിഞ്ഞ വെള്ളിയാഴ്ച സിംഗപ്പൂരിൽ വച്ച് സ്കൂബാ ഡൈവിങ്ങിനിടെയായിരുന്നു സുബീൻ ഗാർഗിന്റെ മരണം. ശനിയാഴ്ച നടക്കാനിരുന്ന നോർത്ത് ഈസ്റ്റ് ഫെസ്റ്റിവലിൽ പങ്കെടുക്കാനെത്തിയതായിരുന്നു അദ്ദേഹം.

അസമീസ്, ബംഗാളി, ഹിന്ദി ഭാഷകളിൽ അദ്ദേഹം ഗാനം ആലപിച്ചിട്ടുണ്ട്. ഇമ്രാൻ ഹാഷ്മി, കങ്കണ റണാവത്ത് എന്നിവർ അഭിനയിച്ച ഗാങ്സ്റ്റർ എന്ന ചിത്രത്തിലെ യാ അലി എന്ന ഗാനത്തിലൂടെ പ്രശസ്തിയിലേക്ക് ഉയർന്നു. ക്രിഷ് 3 ലെ ദിൽ തു ഹി ബടാ ഉൾപ്പെടെ നിരവധി ഹിറ്റുകൾ നേടി. മണിരത്നം ചിത്രം ദിൽസേയിൽ എ ആർ റഹ്!മാന്റെ സംഗീതസംവിധാനത്തിൽ ഒരുങ്ങിയ പോഖി പോഖി ബിദേഖി എന്ന ട്രാക്കും ശ്രദ്ധിക്കപ്പെട്ടു. ചിത്രത്തിന്റെ വിവിധ ഭാഷകളിൽ ഈ ട്രാക്ക് പാടിയത് സുബീർ ഗാർഗ് ആയിരുന്നു.

നിരവധി ഗാനങ്ങൾ വിവിധ ഭാഷകളിലായി പാടിയ സുബീൻ ഗാർഗ് സംഗീത സംവിധായകൻ, ഗാനരചയിതാവ്, അഭിനേതാവ്, നിർമാതാവ്, തിരക്കഥാകൃത്ത് എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. സുബീന്റെ വിയോഗത്തിൽ സിനിമ സാംസ്കാരിക രാഷ്ട്രീയ രംഗത്തെ നിരവധിപേർ അനുശോചനം രേഖപ്പെടുത്തി. ഫാഷൻ ഡിസൈനർ ഗരിമ സൈക്യ ഗാർഗാണ് സുബീന്റെ ജീവിതപങ്കാളി.

## മെസിപ്പടയുടെ എതിരാളികൾ ഓസീസ്: അർജൻറീന ടീം മാനേജർ ഇന്ന് കൊച്ചിയിൽ

കൊച്ചി: അർജൻറീന ടീമിന്റെ കേരള സന്ദർശനത്തിന്റെ ഭാഗമായി ടീം മാനേജർ ഹെക്ടർ ഡാനിയേൽ കബ്രേര ഇന്ന് കൊച്ചിയിലെത്തും. ഉച്ചയോടെ കൊച്ചിയിലെത്തുന്ന അദ്ദേഹം ടീമിന്റെ മത്സരം നടക്കുന്ന കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയം സന്ദർശിക്കുന്ന അദ്ദേഹം സുരക്ഷാ ക്രമീകരണങ്ങളടക്കം വിലയിരുത്തും.

തുടർന്ന് മന്ത്രി വി. അബ്ദുറഹിമാനുമായും കൂടിക്കാഴ്ച നടത്തും. ടീം താമസിക്കുന്ന ഹോട്ടൽ, ഭക്ഷണം, യാത്രകൾ, മറ്റ് സൗകര്യങ്ങൾ തുടങ്ങിയ കാര്യങ്ങളിലടക്കം കൂടിക്കാഴ്ചയിൽ ചർച്ചയുണ്ടാകും.

കഴിഞ്ഞിടെ ഏഷ്യൻ ഫുട്ബോൾ ഫെഡറേഷന്റെ സെക്യൂരിറ്റ് ഓഫീസർ സ്റ്റേഡിയം സന്ദർശിച്ച് സുരക്ഷാ ക്രമീകരണങ്ങൾ വിലയിരുത്തിയിരുന്നു.

നവംബർ 15നാണ് അർജൻറീന ടീം കേരളത്തിലെത്തുന്നത്. കേരളത്തിൽ നടക്കുന്ന മത്സരത്തിൽ അർജൻറീനയും ഓസ്ട്രേലിയയും തമ്മിൽ ഏറ്റുമുട്ടും. പതിനെഞ്ചിനും പതിനെട്ടിനും ഇടയിലാണ് മത്സരം. ഇത് സംബന്ധിച്ചുള്ള ഔദ്യോഗിക അറിയിപ്പും പുറത്ത് വിട്ടിട്ടുണ്ട്.

## ഗുണ്ടാനേതാവിന്റെ വീടിനുനേരെ ആക്രമണം; നാടൻ പടക്കം എറിഞ്ഞു, വാഹനങ്ങൾ തകർത്തു

തിരുവനന്തപുരം: മണ്ണന്തലയിൽ ഗുണ്ടാ നേതാവിന്റെ വീടിനു നേരെ ആക്രമണം. ഗുണ്ടാലിസ്റ്റിൽപ്പെട്ട രാജേഷിന്റെ വീടിന് നേരെയാണ് തിങ്കളാഴ്ച രാത്രി ആറംഗ സംഘം ആക്രമണം നടത്തിയത്. വടിവാൾ അടക്കമുള്ള ആയുധങ്ങളുമായെത്തിയ സംഘം വീടിന് നേരെ നാടൻ പടക്കമെറിഞ്ഞു. തുടർന്ന് വീട്ടുമുറ്റത്തും റോഡിലും ഉണ്ടായിരുന്ന മൂന്ന് ഓട്ടോറിക്ഷകളും രണ്ട് കാറുകളും ഒരു ബൈക്കും അടിച്ചുതകർത്തു. സംഭവത്തിൽ പ്രതികളെ പിടികൂടാനായിട്ടില്ല. ആക്രമണം നടത്തിയവരിൽ ചിലർ ഗുണ്ടാലിസ്റ്റിൽപെട്ടവരാണെന്നാണ് വിവരം. വീടിന് മുന്നിൽ വെച്ച് ബൈക്കുകൾ റേസ് ചെയ്തത് രാജേഷ് ചോദ്യം ചെയ്തപ്പോഴുണ്ടായ പ്രകോപനമാണ് ആക്രമണത്തിന് കാരണമെന്നാണ് വിവരം.

## ഇന്നും ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിയോടുകൂടിയ മഴയ്ക്ക് സാധ്യത

തിരുവനന്തപുരം: സംസ്ഥാനത്ത് ഒറ്റപ്പെട്ടയിടങ്ങളിൽ ഇന്നും വെള്ളിയാഴ്ചയും ഇടിമിന്നലോടുകൂടിയ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. വെള്ളിയാഴ്ച എറണാകുളം, ഇടുക്കി, തൃശൂർ, മലപ്പുറം ജില്ലകളിൽ യെല്ലോ അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കുള്ള സാധ്യതയാണ് പ്രവചിക്കപ്പെട്ടിരിക്കുന്നത്. വരുംമണിക്കൂറുകളിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ നേരിയ/ഇടത്തരം മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

## അജിത് കുമാറിനെതിരായ അനധികൃത സ്വത്ത് കേസ്; ഹർജികൾ ഒന്നിച്ചു പരിഗണിക്കും

കൊച്ചി: എഡിജിപി എം. ആർ. അജിത് കുമാറിനെതിരായ അനധികൃത സ്വത്ത് സമ്പാദനവുമായി ബന്ധപ്പെട്ടു വിജിലൻസ് കോടതി ഉത്തരവ് ചോദ്യം ചെയ്യുന്ന ഹർജികൾ ഹൈക്കോടതി ഒന്നിച്ചു പരിഗണിക്കും. വിജിലൻസ് കോടതി പുറപ്പെടുവിച്ച ഉത്തരവ് ചോദ്യം ചെയ്തു അജിത്കുമാറും ഉത്തരവിലെ മുഖ്യമന്ത്രിക്കെതിരായ പരാമർശങ്ങൾ നീക്കണമെന്നാവശ്യപ്പെട്ടു സംസ്ഥാന സർക്കാരും നൽകിയ ഹർജികളാണ് കോടതിയുടെ പരിഗണനയിലുള്ളത്. സർക്കാർ സമർപ്പിച്ച ഹർജി തിങ്കളാഴ്ച ജസ്റ്റീസ് എ. ബദറുദ്ദീന്റെ ബെഞ്ചിൽ പരിഗണനയ്ക്കു വന്നെങ്കിലും ഒന്നിച്ചു പരിഗണിക്കാൻ മാറ്റുകയായിരുന്നു. അജിത്കുമാറിന്റെ ആവശ്യത്തെ എതിർത്ത് മുൻ എംഎൽഎ പി. വി. അൻവർ കക്ഷിചേരാൻ നൽകിയ ഹർജിയും കോടതിയുടെ പരിഗണനയിലുണ്ട്.

## റോക്കറ്റ് പോലെ കുതിച്ച് സ്വർണം; ഒറ്റയടിക്ക് കൂടിയത് 920 രൂപ, 84,000 രൂപയിലേക്ക്

കൊച്ചി: സംസ്ഥാനത്ത് സ്വർണവില റോക്കറ്റ് പോലെ കുതിച്ച് പുതിയ ഉയരത്തിൽ. ഇന്ന് പവന് 920 രൂപയും ഗ്രാമിന് രൂപയുമാണ് വർധിച്ചത്. ഇതോടെ, ഒരു പവൻ സ്വർണത്തിന് 83,840 രൂപയിലും ഗ്രാമിന് 10, 480 രൂപയിലുമാണ് വ്യാപാരം പുരോഗമിക്കുന്നത്. അതേസമയം, ഒരു ഗ്രാം 18 കാരറ്റ് സ്വർണത്തിന്റെ വില 8,520 രൂപയാണ്. തിങ്കളാഴ്ച രണ്ടു തവണയായി സ്വർണവില 680 രൂപ വർധിച്ചിരുന്നു. അതേസമയം, വെള്ളിയുടെ വിലയും ഇന്ന് റിക്കാർഡിലാണ്. ഗ്രാമിന് ഒറ്റയടിക്ക് നാലുരൂപ വർധിച്ച് 144 രൂപയിലാണ് വ്യാപാരം പുരോഗമിക്കുന്നത്.

## സ്ത്രീകളുടെ തിരോധാനം: പ്രതിയെ ഇന്ന് കസ്റ്റഡിയിൽ വാങ്ങും

ചേർത്തല: കടക്കരപ്പള്ളി സ്വദേശിനി ബിന്ദുപത്മനാഭനെ കൊലപ്പെടുത്തിയ കേസിൽ പ്രതി ചേർക്കപ്പെട്ട സെബാസ്റ്റ്യനെ ഇന്ന് സംസ്ഥാന ക്രൈംബ്രാഞ്ച് കസ്റ്റഡിയിൽ വാങ്ങും. ഇതിനു മുന്നോടിയായി ഏറ്റുമാനൂർ കോടതി പരിധിയിൽ സെബാസ്റ്റ്യന്റെ അറസ്റ്റ് ക്രൈംബ്രാഞ്ച് രേഖപ്പെടുത്തി. ജെയ്നമ്മ കേസിൽ റിമാൻഡിൽ കഴിയുന്ന സെബാസ്റ്റ്യനെ കസ്റ്റഡി ആവശ്യപ്പെട്ട് ചേർത്തല കോടതിയിൽ ക്രൈംബ്രാഞ്ച് അപേക്ഷ നൽകിയിരുന്നു. ബിന്ദുവിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട് തെളിവുകൾ ശേഖരിക്കുന്നതിനാണ് കസ്റ്റഡിയിൽ വാങ്ങുന്നത്.

## ത്രിവത്സര എൽ.എൽ.ബി. കോഴ്സ് പ്രവേശനം

കേരളത്തിലെ ഗവൺമെന്റ് ലോ കോളേജുകളിലെയും, സ്വകാര്യ സ്വാശ്രയ ലോ കോളേജുകളിലെയും 2025-26 ലെ ത്രിവത്സര എൽ.എൽ.ബി. കോഴ്സ് പ്രവേശനത്തിനായി നടത്തിയ ഒന്നാംഘട്ട സ്ട്രേ വേക്കൻസി അലോട്ട്മെന്റിനു ശേഷമുള്ള ഒഴിവുകളിലേയ്ക്ക് പ്രവേശനത്തിന് പരിഗണിക്കുന്നതിന് രണ്ടാംഘട്ട സ്ട്രേ വേക്കൻസി അലോട്ട്മെന്റ് നടപടികൾ ഠഠഠ.രലല.സലൃമഹമ.ഴീ.ശി ൽ ആരംഭിച്ചു. യോഗ്യരായ വിദ്യാർത്ഥികൾക്ക് ഈ ഘട്ടത്തിൽ പുതുതായി ഓൺലൈൻ ഓപ്ഷനുകൾ സെപ്റ്റംബർ 26ന് ഉച്ചയ്ക്ക് 1 മണി വരെ രജിസ്റ്റർ ചെയ്യാം. രണ്ടാംഘട്ട സ്ട്രേ വേക്കൻസി അലോട്ട്മെന്റ് രജിസ്ട്രേഷൻ ഫീസ്, മറ്റു നിബന്ധനകൾ എന്നിവ സംബന്ധിച്ച എല്ലാ വിശദാംശങ്ങളും വെബ്സൈറ്റിൽ ലഭ്യമാണ്. വിശദവിവരങ്ങൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ മേൽ വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. ഫോൺ: 0471-2332120, 0471-2338487, 0471-2525300.

## സംയോജിത പഞ്ചവത്സര എൽ.എൽ.ബി. കോഴ്സ് പ്രവേശനം

കേരളത്തിലെ ഗവൺമെന്റ് ലോ കോളേജുകളിലെയും, സ്വകാര്യ സ്വാശ്രയ ലോ കോളേജുകളിലെയും 2025-26 ലെ സംയോജിത പഞ്ചവത്സര എൽ.എൽ.ബി. കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിനായി നടത്തിയ ഒന്നാംഘട്ട സ്ട്രേ വേക്കൻസി അലോട്ട്മെന്റിനു ശേഷമുള്ള ഒഴിവുകളിലേയ്ക്ക് പ്രവേശനത്തിന് പരിഗണിക്കുന്നതിന് രണ്ടാംഘട്ട സ്ട്രേ വേക്കൻസി അലോട്ട്മെന്റ് നടപടികൾ www.cee.kerala.gov.in ൽ ആരംഭിച്ചു. യോഗ്യരായ വിദ്യാർത്ഥികൾക്ക് ഈ ഘട്ടത്തിൽ പുതുതായി ഓൺലൈൻ ഓപ്ഷനുകൾ സെപ്റ്റംബർ 26ന് ഉച്ചയ്ക്ക് 1 മണി വരെ രജിസ്റ്റർ ചെയ്യാര. രണ്ടാംഘട്ട സ്ട്രേ വേക്കൻസി അലോട്ട്മെന്റ് രജിസ്ട്രേഷൻ ഫീസ്, മറ്റു നിബന്ധനകൾ എന്നിവ സംബന്ധിച്ച എല്ലാ വിശദാംശങ്ങളും വെബ്സൈറ്റിൽ ലഭ്യമാണ്. വിശദ വിവരങ്ങൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ മേൽ വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. ഫോൺ: 0471-2332120, 0471-2338487, 0471-2525300.

## പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തി

2025 മെയ് 30, 31 തീയതികളിൽ തിരുവനന്തപുരം/ കോഴിക്കോട്/ താമരശ്ശേരി കേന്ദ്രങ്ങളിൽ നടത്തിയ ചെയിൻ സർവെ ലോവർ (മൂന്നു മാസം) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. സർവെ ഡയറക്ടറേറ്റിലും സർവെ വകുപ്പിന്റെ വെബ്സൈറ്റിലും (www.dslr.kerala.gov.in) മറ്റ് ബന്ധപ്പെട്ട സർവെ ഓഫീസുകളിലും പരീക്ഷാഫലം പരിശോധനയ്ക്ക് ലഭിക്കും.

# തദ്ദേശപൊതുതിരഞ്ഞെടുപ്പ് : സംവരണവാർഡുകളുടെ നറുക്കെടുപ്പ് ഒക്ടോബർ 13 മുതൽ 21 വരെ

തദ്ദേശപൊതുതിരഞ്ഞെടുപ്പിന് മുന്നോടിയായി സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങളിലെ സംവരണവാർഡുകൾ നിശ്ചയിക്കുന്നതിനുള്ള നറുക്കെടുപ്പ് ഒക്ടോബർ 13 മുതൽ 21 വരെ നിശ്ചിത തീയതികളിൽ നടത്തുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ. ഷാജഹാൻ അറിയിച്ചു. തദ്ദേശസ്വയംഭരണ പൊതുതിരഞ്ഞെടുപ്പിന്റെ മുന്നൊരുക്കപ്രവർത്തനങ്ങൾ വിലയിരുത്താനായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഇന്ന് (സെപ്തംബർ 23) വിളിച്ചു ചേർത്ത ജില്ലാകളക്ടർമാരുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു കമ്മീഷണർ.

ത്രിതലപഞ്ചായത്തുകളുടെ വാർഡ് സംവരണം നറുക്കെടുപ്പിലൂടെ നിശ്ചിയിക്കാൻ അധികാരപ്പെടുത്തിയിട്ടുള്ളത് ജില്ലാകളക്ടർമാരെയാണ്. ഗ്രാമപഞ്ചായത്തികളിലെ വാർഡ് സംരണത്തിനുള്ള നറുക്കെടുപ്പ് ഒക്ടോബർ 13 മുതൽ 16 വരെയും, ബ്ളോക്ക് പഞ്ചായത്തുകളുടേത് ഒക്ടോബർ 18 നും ജില്ലാപഞ്ചായത്തിലേത് 21 നും നടത്താനാണ് നിശ്ചയിച്ചിട്ടുള്ളത്.

ഒക്ടോബർ 16ന് മുനിസിപ്പാലിറ്റികളിലെ നറുക്കെടുപ്പ് അതതു ജില്ലകളിലെ തദ്ദേശസ്വയംഭരണവകുപ്പ് ജോയിന്റ് ഡയറക്ടറും 21 ന് കോഴിക്കോട് വച്ച് കണ്ണൂർ, കോഴിക്കോട് കോർപ്പറേഷനുകളിലെ നറുക്കെടുപ്പും, 18ന് കൊച്ചിയിൽ തൃശൂർ, കൊച്ചി കോർപ്പറേഷനുകളിലെ നറുക്കെടുപ്പും, 17 ന് തിരുവനന്തപുരത്ത് കൊല്ലം, തിരുവനന്തപുരം കോർപ്പറേഷനുകളിലെ നറുക്കെടുപ്പും അർബൻ ഡയറക്ടറും നടത്താനാണ് തീരുമാനിച്ചിട്ടുള്ളത്. നറുക്കെടുപ്പ് തീയതിയും സ്ഥലവും നിശ്ചിയിച്ച് കൊണ്ടുള്ള വിജ്ഞാപനം കമ്മീഷൻ ഉടൻ പ്രസിദ്ധീകരിക്കും.

പോളിങ് സ്റ്റേഷനുകളുടെ പുന:ക്രമീകരണം, തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കുള്ള പരിശീലനം, വാർഡ് സംവരണം, വോട്ടർ പട്ടിക പുതുക്കൽ തുടങ്ങിയ എല്ലാ നടപടികളും സമയബന്ധിതമായി പൂർത്തിയാക്കണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ ജില്ലാകളക്ടർമാർക്ക് നിർദ്ദേശം നൽകി. പൊതുതിരഞ്ഞെടുപ്പിന് മുൻപ് വോട്ടർ പട്ടിക വീണ്ടും പുതുക്കുമെന്ന് കമ്മീഷണർ പറഞ്ഞു. വോട്ടർപട്ടിക പുതുക്കലിന്റെ സമയക്രമം പിന്നീട് അറിയിക്കും.

വരണാധികാരികളെയും ഉപവരണാധികാരികളെയും നിയമിച്ചുകൊണ്ട് കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. വിജ്ഞാപനം കമ്മീഷന്റെ ഠഠഠ.ലെര.സലൃമഹമ.ഴീ.ശി ൽ ലഭ്യമാണ്. ഇവർക്കുള്ള പരിശീലനം ഒക്ടോബർ 7 മുതൽ 10 വരെ ജില്ലാതലത്തിൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും.

സംവരണനടപടിക്രമങ്ങളെക്കുറിച്ച് തദ്ദേശസ്ഥാപനസെക്രട്ടറിമാർക്ക് സെപ്തംബർ 26 ന് ഓൺലൈനായി പരിശീലനം നൽകും. ജില്ലാതല ഉദ്യോഗസ്ഥർക്ക് സെപ്തംബർ 25 നും ജില്ലാതല മാസ്റ്റർട്രെയിനർമാർക്ക് സെപ്തംബർ 29, 30 തീയതികളിലും കമ്മീഷൻ തിരുവനന്തപുരത്ത് പരിശീലനം നൽകും. തിരഞ്ഞെടുപ്പ് ഡ്യൂട്ടിക്ക് നിയോഗിക്കാനുള്ള ഉദ്യോഗസ്ഥരുടെ വിവരശേഖരണം നടത്തുന്നതിന് വേണ്ടി ഒക്ടോബർ 3 മുതൽ സർക്കാർ ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം നിരോധിച്ചു കൊണ്ട് ഉത്തരവിറക്കാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ചീഫ് സെക്രട്ടറിയോട് നിർദ്ദേശിച്ചിട്ടുണ്ടെന്ന് കമ്മീഷണർ അറിയിച്ചു.

മുന്നൊരുക്ക പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ തിരഞ്ഞെടുപ്പ് പരിപാടികളും ഹരിതചട്ടം പാലിച്ചുവേണം നടത്താനെന്ന് തിരഞ്ഞെടുപ്പ് കമ്മീഷണർ നിർദ്ദേശിച്ചു. അതിനു വേണ്ടി കുടുംബശ്രീ, ഹരിത കർമ്മസേന, ക്ലീൻകേരള കമ്പനി തുടങ്ങിയവയുടെ സേവനം വിനിയോഗിക്കണം.ഓൺലൈനായി ചേർന്ന യോഗത്തിൽ ജില്ലാകളക്ടർമാർ, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറി ബി.എസ്. പ്രകാശ്, മറ്റുദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

## ഈ മാസത്തെ ക്ഷേമ പെൻഷൻ 25 മുതൽ

സെപ്റ്റംബറിലെ സാമൂഹ്യസുരക്ഷ, ക്ഷേമനിധി പെൻഷനുകൾ 25 മുതൽ വിതരണം ആരംഭിക്കും. ഇതിനായി 841 കോടി അനുവദിച്ചതായി ധനകാര്യമന്ത്രി കെ എൻ ബാലഗോപാൽ അറിയിച്ചു. 62 ലക്ഷത്തോളം പേർക്കാണ് 1600 രൂപവീതം ലഭിക്കുന്നത്. 26.62 ലക്ഷം പേരുടെ ബാങ്ക് അക്കൗണ്ടിൽ തുക എത്തും. മറ്റുള്ളവർക്ക് സഹകരണ ബാങ്കുകൾ വഴി വീട്ടിലെത്തി പെൻഷൻ കൈമാറും. 8.46 ലക്ഷം പേർക്ക് ദേശീയ പെൻഷൻ പദ്ധതിയിലെ കേന്ദ്ര വിഹിതം കേന്ദ്ര സർക്കാരാണ് നൽകേണ്ടത്. ഇതിനാവശ്യമായ 24.21 കോടി രൂപയും സംസ്ഥാനം മുൻകൂർ അടിസ്ഥാനത്തിൽ അനുവദിച്ചിട്ടുണ്ട്. ഈ വിഹിതം കേന്ദ്ര സർക്കാരിന്റെ പിഎഫ്എംഎസ് സംവിധാനം വഴിയാണ് ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യേണ്ടത്. ഈ സർക്കാർ ഇതുവരെ 42,841 കോടി രൂപയാണ് ക്ഷേമ പെൻഷൻ വിതരണത്തിനായി ചെലവിട്ടത്.

## നിഷ് സെമിനാർ 25ന്

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച് ആൻഡ് ഹിയറിങ്ങും (നിഷ്), സംസ്ഥാന സാമൂഹ്യ നീതി വകുപ്പും സംയുക്തമായി നടത്തുന്ന നിഡാസിന്റെ ഭാഗമായി ”പക്ഷാഘാതം: മാനസിക പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും” എന്ന വിഷയത്തിൽ ഓൺലൈൻ സെമിനാർ നടത്തും. സെപ്റ്റംബർ 25നു രാവിലെ 10:30 മുതൽ 12:00 വരെ ഗൂഗിൾ മീറ്റിംഗിലൂടെയും, നിഷിന്റെ യൂട്യൂബ് ചാനലിലൂടെയും തത്സമയ സംപ്രേക്ഷണത്തോടെ നടക്കുന്ന മലയാളം വെബ്ബിനാർ-ന് നിഷിലെ സൈക്കോളജി വിഭാഗം അധ്യാപികയും ക്ലിനിക്കൽ സൈക്കോളജിസ്റ്റുമായ ജീന മാത്യു നേതൃത്വം നൽകും. സെമിനാർ ലിങ്ക് https://meet.google.com/bip-juco-cer കൂടുതൽ വിവരങ്ങൾക്ക്: 8848683261 www.nidas.nish.ac.in/ .

## ഐ.ടി.ഐ. യിൽ സീറ്റൊഴിവ്

ഇടുക്കി കരുണാപുരം ഗവ. ഐ.ടി.ഐ.യിലെ ഡ്രാഫ്റ്റ്സ്മാൻ സിവിൽ, കംമ്പ്യൂട്ടർ ഓപ്പറേറ്റർ ആൻഡ് പ്രോഗ്രാമിംഗ് അസിസ്റ്റന്റ് എന്നീ ട്രേഡുകളിൽ സീറ്റൊഴിവുണ്ട്. ജനറൽ, എസ്.സി., എസ്.ടി. വിഭാഗത്തിലും, പെൺകുട്ടികൾക്കായി സംവരണം ചെയ്ത വിഭാഗത്തിലും ഒഴിവുണ്ട്. പ്രവേശനം ആഗ്രഹിക്കുന്നവർ എസ്.എസ്.എൽ.സി., പ്ലസ്ടു, ടി.സി., ജാതി സർട്ടിഫിക്കറ്റ് എന്നിവയുടെ അസ്സലും പകർപ്പുകളും സഹിതം സെപ്തംബർ 30നകം ഐ.ടി.ഐ-യിൽ നേരിട്ട് ഹാജരാകണം. എസ്.എസ്.എൽ.സി ജയിച്ചവർക്കും, തത്തുല്യ യോഗ്യതയുള്ളവർക്കും പ്രവേശനം ലഭിക്കും. ഉയർന്ന പ്രായപരിധി ഇല്ല. കൂടുതൽ വിവരങ്ങൾക്ക് : 04868291050, 9495642137, 9562202388.

## സംസ്ഥാന ഇ-ഗവേണൻസ് അവാർഡുകൾ മുഖ്യമന്ത്രി പിണറായി വിജയൻ സെപ്തംബർ 25ന് വിതരണം ചെയ്യും

പൊതുജന സേവന രംഗത്ത് ഇ-ഗവേണൻസ് പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിരിക്കുന്ന കേരള സംസ്ഥാന ഇ-ഗവേണൻസ് അവാർഡുകൾ സെപ്റ്റംബർ 25ന് വൈകിട്ട് 5ന് മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരം ഐ.എം.ജി. പത്മം ആഡിറ്റോറിയത്തിൽ വച്ച് നടക്കുന്ന ചടങ്ങിൽ വിതരണം ചെയ്യും. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി വി ശിവൻകുട്ടി മുഖ്യാതിഥിയായിരിക്കും.വി. കെ. പ്രശാന്ത് എം.എൽ.എ., വാർഡ് കൗൺസിലർ മേരി പുഷ്പം, ചീഫ് സെക്രട്ടറി എ. ജയതിലക്, ഇലക്ട്രോണിക്സ് - വിവര സാങ്കേതിക വകുപ്പ് സെക്രട്ടറി സീറാം സാംബശിവ റാവു, കേരളം സ്റ്റേറ്റ് ഐ.ടി. മിഷൻ ഡയറക്ടർ സന്ദീപ് കുമാർ, ജൂറി ചെയർമാൻ കെ. ജയകുമാർ, ജൂറി മെമ്പർ സുജിത്ത് ഉണ്ണി തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും.

# 'ദ കിച്ചൻ' ബ്ലാക്ക് സർക്കിൾ എഡിഷൻ സംഘടിപ്പിച്ചു



ദ കിച്ചൻറെ ബ്ലാക്ക് സർക്കിൾ എഡിഷനിൽ പങ്കെടുത്തവർ.

തിരുവനന്തപുരം: കേരളത്തിലെ ബിസിനസ് കമ്മ്യൂണിറ്റിയായ 'ദ കിച്ചൻറെ' പത്താം വാർഷികാഘോഷങ്ങളുടെ ഭാഗമായി കേരള സ്റ്റാർട്ടപ്പ് മിഷൻ (കെഎസ് യുഎം), ട്രിവാൻഡ്രം ചേംബർ ഓഫ് കൊമേഴ്സ് ആൻറ് ഇൻറസ്ട്രി എന്നിവയുമായി സഹകരിച്ച് ബ്ലാക്ക് സർക്കിൾ എഡിഷൻ സംഘടിപ്പിച്ചു. തിരഞ്ഞെടുക്കപ്പെട്ട 25 സ്റ്റാർട്ടപ്പ് സ്ഥാപകരും സംരംഭകരും എച്ച്എൻഐകളും പരിപാടിയിൽ പങ്കെടുത്തു.

കേരളത്തിലെ പ്രീമിയം നെറ്റ് വർക്കിംഗ് കമ്മ്യൂണിറ്റികളിലൊന്നായ 'ദ കിച്ചൻ' ആദ്യമായാണ് കേരളത്തിൽ ബ്ലാക്ക് സർക്കിൾ എഡിഷൻ സംഘടിപ്പിച്ചത്. വാട് സ്ആപ്പ് സിറ്റി, ഹെഡ്സ്റ്റാർട്ട് നെറ്റ് വർക്ക്, ഹിൽട്ടൺ ഗാർഡൻ ഇൻ, മറ്റ് എക്കോസിസ്റ്റം പങ്കാളികൾ എന്നിവയുടെ സഹകരണവും പരിപാടിയ്ക്കുണ്ടായിരുന്നു.

'ദ കിച്ചൻ' സ്ഥാപകൻ സാജു സോമൻ , ടിസിസിഐ പ്രസിഡൻറ് എസ്. എൻ. രഘുചന്ദ്രൻ നായർ എന്നിവർ പരിപാടിയിൽ സംസാരിച്ചു. സ്നാപ്പ്ഷെയർ. എഐ സ്റ്റാർട്ടപ്പിൻറെ പ്രോഡക്ട് ഷോകേസും പരിപാടിയുടെ ഭാഗമായി നടന്നു.രാജ്യത്തിൻറെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള വ്യവസായികളും നിക്ഷേപകരും സാംസ്കാരിക പ്രവർത്തകരും നയതന്ത്ര വിദഗ്ധരും പരിപാടിയുടെ ഭാഗമായി. വ്യത്യസ്ത മേഖലകളിലെ സംരംഭകരേയും നയരൂപകർത്താക്കളേയും നിക്ഷേപകരേയും ഒരുമിച്ച് കൊണ്ടുവരാൻ പരിപാടി സഹായകമായി. റിയൽ എസ്റ്റേറ്റ്, ആരോഗ്യ-പ്ലാൻറേഷൻ മേഖലകളിലെ എച്ച് എൻഐ കളുടേയും യുവ സംരംഭകരുടേയും പങ്കാളിത്തം പരിപാടിയെ ശ്രദ്ധേയമാക്കി.

ബ്ലാക്ക് സർക്കിൾ എഡിഷൻറെ ഭാഗമായി നടന്ന ഫൗണ്ടേഴ്സ് ടോക്ക് പാനലിൽ ബിസിനസ് മേഖലയിലെ പ്രമുഖർ സംസാരിച്ചു. സ്മോക്കീസ് ഹാംബർഗർ സഹസ്ഥാപകൻ ഡാൻ ജേക്കബ്, ജാക്ക് കൺസ്ട്രക്ഷൻസ് എംഡി ജാക്ക് ബെൻ വിൻസെൻറ്, എഡ്യൂക്ക് ക്ഷേത്ര സ്ഥാപകയും സി.ഇ.ഒ.യുമായ റോഷ്നി ബിനു, ആൾ കേരള ഇ സ്പോർട്സ് ഫെഡറേഷൻ പ്രസിഡൻറ് അമൽ അർജുൻ എന്നിവർ ബിസിനസ് അനുഭവങ്ങൾ പങ്കുവെച്ചു.

ലീഡേഴ്സ് ടോക്ക് പാനലിൽ ഡിസൈൻ, സിനിമ, സാങ്കേതികവിദ്യ തുടങ്ങിയ മേഖലകളിലെ പ്രഗത്ഭർ പങ്കെടുത്തു. വേൾഡ് ഡിസൈൻ കൗൺസിൽ (യുകെ) കൺട്രി ഹെഡ് ഫിലിപ്പ് തോമസ് ,മലയാള ചലച്ചിത്ര നടി ചിന്നു ചാന്ദിനി, വിപ്രോ ടെക്നോളജി ഇന്നവേഷൻ ലാബ് ഡയറക്ടർ ലക്ഷ്മി എം. കൃഷ്ണൻ, ഇന്ത്യൻ വ്യോമസേന മുൻ വിങ് കമാൻഡറും സംരംഭകയുമായ രാഗശ്രീ ഡി. നായർ എന്നിവർ സംസാരിച്ചു.

കേരളത്തിൻറെ മറ്റു നഗരങ്ങളിലേക്കും ബ്ലാക്ക് സർക്കിൾ എഡിഷൻ വ്യാപിപ്പിക്കാനുള്ള പദ്ധതിയുണ്ട്.

## പരിഷ്കരിച്ച ജിഎസ്ടി നിരക്കുകൾ; വില നിരീക്ഷിക്കാൻ ജിഎസ്ടി ഓഫീസുകൾക്ക് നിർദേശം നൽകി കേന്ദ്ര സർക്കാർ

ന്യൂഡൽഹി: ജിഎസ്ടി നിരക്കുകൾ കുറച്ചതിന് പിന്നാലെ സാധനങ്ങളുടെ വില നിരീക്ഷിക്കാൻ സംസ്ഥാനങ്ങളിലെ കേന്ദ്ര ജിഎസ്ടി ഓഫീസുകൾക്ക് നിർദേശം നൽകി കേന്ദ്ര സർക്കാർ. ജനങ്ങൾക്ക് ജിഎസ്ടി നിരക്ക് കുറച്ചതിന്റെ പ്രയോജനം ലഭ്യമാകുന്നുവെന്ന് ഉറപ്പാക്കാനാണ് നടപടി.

കേന്ദ്രധനമന്ത്രാലയത്തിൻറേതാണ് നടപടി. നികുതി ഇളവിൽ ഉൾപ്പെട്ട മരുന്ന്, നിത്യോപയോഗ സാധനങ്ങൾ, ഇലക്ട്രോണിക് ഉത്പന്നങ്ങൾ തുടങ്ങി 54 ഇനങ്ങളുടെ വിലയിൽ ജിഎസ്ടി ഇളവിന് മുൻപും പിൻപുമുള്ള താരതമ്യം കണക്കാക്കി റിപ്പോർട്ട് നൽകാനാണ് നിർദേശം.

ഇതുസംബന്ധിച്ച ആദ്യ റിപ്പോർട്ട് സെപ്റ്റംബർ 30ന് സമർപ്പിക്കണം. തുടർന്ന് എല്ലാ മാസവും 20ന് മുൻപ് നൽകണം. എന്നാൽ വില കുറച്ചില്ലെങ്കിൽ നിലവിൽ നിയമപരമായി നടപടിയെടുക്കാൻ സാധിക്കില്ലെന്നാണ് വിലയിരുത്തൽ. ഡൽഹിയിലെ ജിഎസ്ടി അപലേറ്റ് ട്രിബ്യൂണലിനാണ് പരാതികൾ പരിശോധിക്കാനുള്ള ചുമതല. 2025 മാർച്ച് 31-ന് മുൻപുള്ള പരാതികൾ പരിശോധിക്കാനാണ് ട്രിബ്യൂണലിന് ലഭിച്ച നിർദേശം.

## പലസ്തീനെ സ്വതന്ത്രരാഷ്ട്രമായി അംഗീകരിച്ച് ഫ്രാൻസ്: നിർണായക പ്രഖ്യാപനം നടത്തി മാക്രോൺ

പാരിസ്: പലസ്തീനെ സ്വതന്ത്രരാഷ്ട്രമായി അംഗീകരിച്ച് ഫ്രാൻസിന്റെ ഔദ്യോഗിക പ്രഖ്യാപനം. ഐക്യരാഷ്ട്രസഭയിൽ നടന്ന ഉച്ചകോടിയിലാണ് ഫ്രഞ്ച് പ്രസിഡൻറ് ഇമ്മാനുവൽ മക്രോൺ പ്രഖ്യാപനം നടത്തിയത്. സമാധാനവും സുരക്ഷയും കൈകോർത്ത് നിൽക്കുന്ന രണ്ട് രാഷ്ട്രങ്ങളായി ഇസ്രയേലും പലസ്തീനും മാറണമെന്നും പ്രഖ്യാപനത്തിന് പിന്നാലെ മാക്രോൺ പറഞ്ഞു. ഇസ്രയേലിന് സമാധാനത്തോടെ ജീവിക്കാൻ കഴിയുന്നതിനുള്ള ഏകപരിഹാരം പലസ്തീൻ രാഷ്ട്രത്തിന്റെ അംഗീകാരമാണെന്നും പലസ്തീനെ അംഗീകരിക്കുന്നത് ഹമാസിന് തിരിച്ചടിയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഇസ്രയേലും പലസ്തീനും സമാധാനത്തിലും സുരക്ഷയിലും ഒരുമിച്ച് ജീവിക്കുന്ന ഒരു ദ്വിരാഷ്ട്ര പരിഹാരത്തിനുള്ള സാധ്യത നിലനിർത്താൻ തങ്ങളാലാവുന്നതെല്ലാം ചെയ്യും. പലസ്തീൻ ജനതയുടെ അവകാശങ്ങളെ അംഗീകരിക്കുന്നത് ഇസ്രയേൽ ജനതയുടെ അവകാശങ്ങളെ ഇല്ലാതാക്കില്ലെന്നും മാക്രോൺ പറഞ്ഞു. പലസ്തീൻ- ഇസ്രയേൽ പ്രശ്ന പരിഹാരത്തിന് ദ്വിരാഷ്ട്ര പരിഹാരം വേണമെന്ന അജൻഡയിൽ ന്യൂയോർക്കിൽ നടക്കുന്ന വാർഷിക യുഎൻ പൊതുസഭയ്ക്ക് മുന്നോടിയായാണ് ഫ്രാൻസ് നിർണായക തീരുമാനം പ്രഖ്യാപിച്ചത്. ഓസ്ട്രേലിയ, ബ്രിട്ടൻ, കാനഡ, പോർച്ചുഗൽ തുടങ്ങിയ രാജ്യങ്ങളും പലസ്തീനെ രാഷ്ട്രമായി അംഗീകരിക്കുന്നതായി ഞായറാഴ്ച പ്രസ്താവിച്ചിരുന്നു. ഇതിനു പിന്നാലെയാണ് ഫ്രാൻസും പിന്തുണയുമായി രംഗത്ത് എത്തിയത്.

## ബാലൺ ഡി ഓർ പുരസ്കാരം ഒസ്മാൻ ഡെംബലെയ്ക്ക്

പാരീസ്: ബാലൺ ഡി ഓർ പുരസ്കാരം പിഎസ്ജി താരം ഒസ്മാൻ ഡെംബലെയ്ക്ക്. ബാഴ്സലോണയുടെ യുവ താരം ലാമിൻ യമാലിനെ പിന്തള്ളിയാണ് ഡെംബലെ പുരസ്കാരം നേടിയത്.

പിഎസ്ജിയെ ആദ്യ ചാമ്പ്യൻസ് ലീഗ് കിരീടത്തിലേക്ക് നയിച്ച ഡെംബലെ ക്ലബ്ബിനെ ഫ്രഞ്ച് ലീഗിലും ചാമ്പ്യൻമാരാക്കുന്നതിൽ നിർണായക സംഭാവന നൽകിയിരുന്നു. 35 ഗോളും 16 അസിസ്റ്റുമാണ് സീസണിൽ പിഎസ്ജിക്കായി ഡെംബലെയുടെ ബൂട്ടിൽ നിന്നും പിറന്നത്. യൂറോകപ്പിന് ശേഷമുള്ള മത്സരങ്ങളിലെ പ്രകടനമാണ് പുരസ്കാരത്തിന് പരിഗണിച്ചത്.

ബാഴ്സലോണയുടെ ഐറ്റാന ബോൺമാറ്റിക്കാണ് മികച്ച വനിതാ താരത്തിനുള്ള ബാലൻ ഡി ഓർ. ഇതോടെ മൂന്ന് തവണ വനിതാ ബാലൺ ഡി ഓർ നേടുന്ന ആദ്യ കളിക്കാരിയായി ഐറ്റാന ബോൺമാറ്റി ചരിത്രം സൃഷ്ടിച്ചു. 2023ലും 2024ലും ബോൺമാറ്റി ബാലൻ ഡി ഓറിൽ മുത്തമിട്ടത്. ഇത്തവണ ആഴ്സണൽ വിംഗർ മരിയോണ കാൽഡെൻറേ പിന്തള്ളിയാണ് ബോൺമാറ്റിയുടെ നേട്ടം.

മികച്ച യുവതാരത്തിനുള്ള കോപ്പാ ട്രോഫി ബാഴ്സലോണയുടെ ലാമിൻ യമാൽ കരസ്ഥമാക്കി. ഇതോടെ ഫുട്ബോൾ ലോകത്തെ യുവതാരങ്ങൾക്കായി ഏർപ്പെടുത്തിയ കോപ്പാ ട്രോഫി തുടർച്ചയായി രണ്ട് തവണ നേടുന്ന ആദ്യ കളിക്കാരനായി ലമിൻ യമാൽ ചരിത്രം കുറിച്ചു. ബാഴ്സലോണയുടെ തന്നെ വിക്കി ലോപ്പസ് ആദ്യത്തെ വനിതാ കോപ്പാ ട്രോഫി നേടി.

പിഎസ്ജിയെ ചരിത്രവിജയത്തിലേക്ക് നയിച്ച ലൂയിസ് എൻറികെ ജോഹാൻ ക്രൈഫ് ട്രോഫി സ്വന്തമാക്കി. ബാലൺ ഡി ഓർ ചടങ്ങിലാണ് യൂറോപ്യൻ ഫുട്ബോളിലെ മികച്ച പരിശീലകനുള്ള പുരസ്കാരം എൻറികെക്ക് ലഭിച്ചത്.

മെസി, നെയ്മർ, എംബാപ്പെ തുടങ്ങിയ സൂപ്പർ താരങ്ങൾ ക്ലബ്ബ് വിട്ടതിനു ശേഷം യുവനിരയെ അണിനിരത്തി പുതിയൊരു ടീമിനെ വാർത്തെടുത്ത എൻറികെ, പിഎസ്ജിക്ക് ചരിത്രപരമായ നേട്ടങ്ങളാണ് സമ്മാനിച്ചത് പിഎസ്ജിയാണ് ഈ വർഷത്തെ മികച്ചപുരുഷ ക്ലബ്. ആഴ്സണൽ ആണ് മികച്ച വനിതാ ക്ലബ്.

## ഒഴിവ്

ക്ലീൻ കേരള കമ്പനി ലിമിറ്റഡിന്റെ തിരുവനന്തപുരം ജില്ലാ കാര്യാലയത്തിൽ അക്കൗണ്ട്സ് അസിസ്റ്റന്റിന്റെ താൽകാലിക നിയമനത്തിന് ഒക്ടോബർ 7 ന് രാവിലെ 10 ന് അഭിമുഖം നടത്തുന്നു.

ബി.കോമും ടാലി പ്രാവീണ്യവും പ്രവർത്തി പരിചയവും ഉണ്ടായിരിക്കണം. തിരുവനന്തപുരം ജില്ലയിലുള്ളവർക്ക് മുൻഗണന. ക്ലീൻ കേരള കമ്പനി ലിമിറ്റഡ്, രണ്ടാം നില, സ്റ്റേറ്റ് മുനിസിപ്പൽ ഹൗസ്, വഴുതക്കാട്, തിരുവനന്തപുരം 10. എന്ന വിലാസത്തിൽ രേഖകൾ സഹിതം അഭിമുഖത്തിന് എത്തണം. കൂടുതൽ വിവരങ്ങൾക്ക്: 9447792058.

## പിന്നാക്ക വിഭാഗ കമ്മീഷന്റെ സിറ്റിംഗ്

സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ സെപ്റ്റംബർ 29 രാവിലെ 11 മണിക്ക് തിരുവനന്തപുരം വെള്ളയമ്പലം അയ്യൻകാളി ഭവനിലുള്ള കമ്മീഷന്റെ കോർട്ട് ഹാളിൽ സിറ്റിംഗ് നടത്തും. സിറ്റിംഗിൽ നിലവിൽ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെട്ട 'Koteyar' സമുദായത്തിനൊപ്പം 'Ramakshatriya' എന്ന പേരുകൂടി ചേർക്കണം എന്ന ആവശ്യം സംബന്ധിച്ച നിവേദനം, ജൈനമതത്തിൽപ്പെട്ടവരെ പിന്നാക്ക വിഭാഗത്തിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് വയനാട് ജില്ലാ ജൈന സമാജം കമ്മീഷൻ മുമ്പാകെ സമർപ്പിച്ച നിവേദനം, പാർക്കവകുലം സമുദായത്തിന്റെ സ്ഥാനപേരായ ഉടയാർ എന്ന പേര് തിരുത്തി നൽകണമെന്നാവശ്യപ്പെട്ട് സമർപ്പിക്കപ്പെട്ട നിവേദനം, കളരിപ്പണിക്കർ, കളരിക്കുറുപ്പ് സമുദായത്തെ സ്വതന്ത്ര സമുദായമായി സർക്കാർ കണക്കാക്കണമെന്നും, അതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് മുകുന്ദൻ കുറുപ്പ് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച ഹർജി എന്നിവ പരിഗണിക്കും. കമ്മീഷൻ ചെയർമാൻ ജസ്റ്റിസ്. ജി ശശിധരൻ, മെമ്പർമാരായ ഡോ. ബെന്നറ്റ് സൈലം, സുബൈദാ ഇസ്ഹാക്ക്, കമ്മീഷൻ മെമ്പർ സെക്രട്ടറി എന്നിവർ പങ്കെടുക്കും.

## വൈലോപ്പിള്ളി സംസ്കൃതി ഭവൻ ആദ്യാക്ഷര വേദിയാകുന്നു

വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ വിജയദശമി ദിനത്തോടനുബന്ധിച്ച് ഒക്ടോബർ 2ന് രാവിലെ 8 മുതൽ സംഘടിപ്പിക്കുന്ന ആദ്യാക്ഷരവേദിയിൽ കുഞ്ഞുങ്ങളെ ആദ്യാക്ഷരം എഴുതിക്കും. കെ.ജയകുമാർ, ഡോ. അച്യുത് ശങ്കർ എസ്., ഡോ. രാജശ്രീ വാര്യർ എന്നിവർ ഗുരുക്കന്മാരായി എത്തും.

കുഞ്ഞുങ്ങളെ എഴുത്തിനിരുത്താൻ താൽപ്പര്യമുള്ളവർ വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ സൗജന്യമായി പേര് രജിസ്റ്റർ ചെയ്യണം. അപേക്ഷാഫോറം ഓഫീസിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക്: 8129209889, 9847561717, ഇ-മെയിൽ: directormpcc@gmail.com.

## ഒന്നാം ഘട്ട അലോട്ട്മെന്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു

2025-26 വർഷത്തെ ആരോഗ്യ വകുപ്പ് ഡയറക്ടറുടെയും കേരള മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെയും കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ഡിപ്ലോമ ഇൻ ജനറൽ നഴ്സിംഗ് ആന്റ് മിഡ്‌വൈഫറി കോഴ്സിനും ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കിഴിൽ പ്രവർത്തിക്കുന്ന നഴ്സിംഗ് സ്ഥാപനങ്ങളിലെ ഓക്സിലറി നഴ്സിംഗ് ആന്റ് മിഡ്‌വൈഫറി കോഴ്സിനും പ്രവേശനത്തിനുള്ള ഒന്നാം ഘട്ട അലോട്ട്മെന്റ് www.lbscentre.kerala.gov.in ൽ പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ചവർ വെബ്സൈറ്റിൽ നിന്നും പ്രിന്റൗട്ടെടുത്ത ഫീ പെയ്മെന്റ് സ്ലിപ്പ് ഫെഡറൽ ബാങ്കിന്റെ ഏതെങ്കിലും ശാഖയിൽ ഹാജരാക്കി 2025 സെപ്റ്റംബർ 25 നകം നിർദ്ദിഷ്ട ഫീസ് ഒടുക്കണം. ഓൺലൈനായും ഫീസ് ഒടുക്കാം. അലോട്ട്മെന്റ് ലഭിച്ച് ഫീസ് അടച്ചവർ അവരുടെ ഓപ്ഷനുകൾ തുടർന്നുള്ള അലോട്ട്മെന്റുകൾക്ക് പരിഗണിക്കപ്പെടേണ്ടതില്ലെങ്കിൽ അവ ഓപ്ഷൻ ലിസ്റ്റിൽ നിന്നും നീക്കം ചെയ്യണം. ഫീസ് അടയ്ക്കാത്തവർക്ക് അലോട്ട്മെന്റ് നഷ്ടപ്പെടുകയും അവരുടെ ഓപ്ഷനുകൾ തുടർന്നുള്ള അലോട്ട്മെന്റുകളിൽ പരിഗണിക്കപ്പെടുന്നതുമല്ല. ഫീസ് അടച്ചവർ കോളേജുകളിൽ അഡ്മിഷൻ എടുക്കേണ്ടതില്ല. രണ്ടാം ഘട്ട അലോട്ട്മെന്റിലേക്കുള്ള ഓപ്ഷൻ പുന:ക്രമീകരണം സെപ്റ്റംബർ 25 വൈകിട്ട് 4 മണി വരെ. കൂടുതൽ വിവരങ്ങൾക്ക്: 04712560361, 362, 363, 364.

## വിജയ്‌യെക്കുറിച്ച് മിണ്ടരുത്: പരസ്യപ്രതികരണം വിലക്കി ഡിഎംകെ നേതൃത്വം

ചെന്നൈ: വിജയ്‌യെ കുറിച്ചുള്ള പരസ്യപ്രതികരണങ്ങൾ വിലക്കി ഡിഎംകെ നേതൃത്വം. മന്ത്രിമാർ അടക്കം ഡിഎംകെ നേതാക്കൾക്ക് നിർദേശം ബാധകമാണ്. വാർത്ത സ്ഥിരീകരിച്ച് മന്ത്രിമാരായ കെ. എൻ. നെഹ്റുവും ആർ. ഗാന്ധിയും രംഗത്തെത്തി.

ടിവികെയെ കുറിച്ച് സംസാരിക്കരുതെന്ന് നിർദേശം ഉണ്ടെന്ന് മന്ത്രി ഗാന്ധി പറഞ്ഞു. വായിൽ പ്ലാസ്റ്റർ ഒട്ടിച്ചാണ് നിൽക്കുന്നതെന്ന് തിരുവാരൂരിലെ യോഗത്തിൽ മന്ത്രി നെഹ്റു വ്യക്തമാക്കി. തിരുവാരൂരിൽ കഴിഞ്ഞ ദിവസം വിജയ് പ്രസംഗിച്ചിരുന്നു.

## വ്യോമപാത അടച്ചത് ഒക്ടോബർ 24 വരെ നീട്ടി ഇന്ത്യ; പാക് വിമാനങ്ങൾക്ക് പ്രവേശനമില്ല

ന്യൂഡൽഹി: പഹൽഗാം ആക്രമണത്തിനു പിന്നാലെ വ്യോമപാത അടച്ചത് നീട്ടി ഇന്ത്യ. പാക് വിമാനങ്ങൾക്ക് ഒക്ടോബർ 24 വരെ പ്രവേശനമില്ല.

പാക്കിസ്ഥാൻ വ്യോമപാത അടച്ചത് തുടരുന്നതിന് പിന്നാലെയാണ് ഇന്ത്യയും നടപടി നീട്ടിയത്. ഇന്ത്യയുടെ എണ്ണൂറിലധികം പ്രതിവാര സർവീസുകളെയാണ് ഇത് ബാധിക്കുന്നത്. ഏപ്രിൽ 22ന് 26 പേരെ കൊലപ്പെടുത്തിയ പഹൽഗാം ഭീകരാക്രമണത്തെ തുടർന്ന് ഇന്ത്യ ശക്തമായ നടപടികൾ സ്വീകരിച്ചിരുന്നു. ഇതിന്റെ ഭാഗമായാണ് വ്യോമപാത അടച്ചത്.

## റാലികളിലെ ആൾക്കൂട്ടം വോട്ടായി മാറണമെന്നില്ലെന്ന് കമൽഹാസൻ

ചെന്നൈ: ഒരു നേതാവിന് ആൾക്കൂട്ടത്തെ ആകർഷിക്കാൻ കഴിഞ്ഞാലും ആ പിന്തുണ വോട്ടായി മാറണമെന്ന് നിർബന്ധമില്ലെന്ന് മക്കൾ നീതി മയ്യം സ്ഥാപകനും നടനുമായ കമൽഹാസൻ. ഇത് താൻ ഉൾപ്പെടെ എല്ലാവർക്കുമെന്നതു പോലെ തന്നെ നടൻ വിജയ്ക്കും ബാധകമാണെന്ന് കമൽ പറഞ്ഞു.

തമിഴക വെട്രി കഴകം പാർട്ടിയുടെ റാലികളിൽ ദൃശ്യമാകുന്ന ആൾക്കൂട്ടത്തെക്കുറിച്ചുള്ള മാധ്യമങ്ങളുടെ ചോദ്യത്തോടു പ്രതികരിക്കുകയായിരുന്നു അദ്ദേഹം. "ശരിയായ പാതയിലൂടെ നീങ്ങുക, ധൈര്യത്തോടെ മുന്നേറുക, ജനങ്ങൾക്ക് നന്മ ചെയ്യുക ഇതാണ് എല്ലാ നേതാക്കളോടും എനിക്ക് പറയാനുള്ളത്", വിജയ്ക്ക് നൽകാൻ എന്തെങ്കിലും ഉപദേശം കൈവശമുണ്ടോയെന്ന ചോദ്യത്തിന് ഉത്തരമായി കമൽ പറഞ്ഞു.

സെപ്റ്റംബർ 20ന് തിരുവാരൂരിൽ നടന്ന റാലിയിൽ വിജയ് ഇതേ ചോദ്യം ജനക്കൂട്ടത്തോടു ചോദിച്ചത് വാർത്തയായിരുന്നു. വിമർശകർ ആരോപിക്കുന്നത് പോലെ ഇതൊരു അർഥശൂന്യമായ റാലിയാണോയെന്നും നിങ്ങളാരും നമ്മുടെ പാർട്ടിക്ക് വോട്ട് ചെയ്യില്ലേയെന്നും വിജയ് ആരാഞ്ഞപ്പോൾ, വിജയ് വിജയ് എന്ന ഉച്ചത്തിലുള്ള മുദ്രാവാക്യങ്ങളായിരുന്നു ജനക്കൂട്ടത്തിന്റെ പ്രതികരണം.

## ഏഷ്യകപ്പ് ക്രിക്കറ്റ്: ശ്രീലങ്ക ഇന്ന് പാക്കിസ്ഥാനെ നേരിടും

ദുബായ്: ഏഷ്യകപ്പ് ക്രിക്കറ്റിലെ സൂപ്പർഫോർ പോരാട്ടത്തിൽ ശ്രീലങ്ക ഇന്ന് പാക്കിസ്ഥാനെ നേരിടും. ഇന്ത്യൻ സമയം രാത്രി എട്ടിനാണ് മത്സരം ആരംഭിക്കുക.

അബുദാബിയിലെ ഷെയ്ഖ് സായിദ് സ്റ്റേഡിയമാണ് വേദി. സൂപ്പർ ഫോറിലെ ആദ്യ വിജയം ലക്ഷ്യമിട്ടാണ് ഇരുടീമുകളും കളത്തിലിറങ്ങുന്നത്. സൂപ്പർ ഫോറിലെ ആദ്യ മത്സരത്തിൽ ശ്രീലങ്ക ബംഗ്ലാദേശിനോട് പരാജയപ്പെട്ടപ്പോൾ പാക്കിസ്ഥാൻ ഇന്ത്യയോട് തോൽവി വഴങ്ങുകയായിരുന്നു.

## ബംഗളൂരുവിൽ സ്കൂട്ടറിൽ ലോറി ഇടിച്ച് അപകടം; യുവതി മരിച്ചു

ബംഗളൂരു: നന്ദിനി ലേയൗട്ടിൽ സ്കൂട്ടറിൽ ലോറി ഇടിച്ചുണ്ടായ അപകടത്തിൽ യുവതി മരിച്ചു. സ്കൂട്ടർ യാത്രക്കാരിയായ കൽപന (38) ആണ് മരിച്ചത്. തിങ്കളാഴ്ച രാവിലെയാണ് അപകടമുണ്ടായത്. കൽപനയുടെ കൂടെ സ്കൂട്ടറിൽ യാത്ര ചെയ്തിരുന്ന സുഹൃത്തിന് പരിക്കേറ്റു. ഇരുവരും ജോലിസ്ഥലത്തേക്കുള്ള പോകുന്നതിനിടെയാണ് അപകടമുണ്ടായത്. നന്ദിനി ലേഔട്ടിൽ വച്ച് ലോറി സ്കൂട്ടറിന്റെ ഹാൻഡിലിൽ തട്ടിയതിനെ തുടർന്ന് സ്കൂട്ടർ മറിഞ്ഞുവീണു. റോഡിൽ വീണ കൽപനയുടെ ദേഹത്തിന് മുകളിലൂടെ ലോറി കയറിയിറങ്ങുകയായിരുന്നു. കൽപന സംഭവസ്ഥലത്ത് വച്ച് തന്നെ മരിച്ചു. മഹാലക്ഷ്മി ലേഔട്ടിലെ താമസക്കാരിയായ കൽപന പീന്യയിലെ സ്വകാര്യ കമ്പനിയിലെ ജീവനക്കാരിയാണ്. അപകടത്തിന് ശേഷം കടന്നുകളഞ്ഞ ലോറി ഡ്രൈവറെ പിന്നീട് പോലീസ് പിടികൂടി.

## ജാതി/ കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് സമർപ്പിക്കാൻ അവസരം

ഡോ. പഡിയാർ മെമ്മോറിയൽ ഹോമിയോ കോളേജിലെ കൊങ്കിണി ഭാഷാ ന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള മാനേജ്മെന്റ് സീറ്റുകളിലേയ്ക്ക് അഡ്മിഷന് പരിഗണിക്കാൻ താൽപ്പര്യമുള്ള കീം-2025 കേരള മെഡിക്കൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് അവരുടേ ജാതി/ കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് ayush.ceekerala@gmail.com ലേയ്ക്ക് സെപ്റ്റംബർ 25 വൈകിട്ട് 5നു മുൻപ് സമർപ്പിക്കാം. വിശദമായ വിജ്ഞാപനത്തിന് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഹെൽപ് ലൈൻ നമ്പർ : 0471 – 2332120, 2338487.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# ഓപ്പറേഷൻ നുംഖോർ: പരിശോധന തുടരുന്നു, ദുൽഖറിന്റെ വാഹനം പിടിച്ചെടുത്തു

കൊച്ചി: കസ്റ്റംസിന്റെ ഓപ്പറേഷൻ നംഖോറിന്റെ ഭാഗമായി നടൻ ദുൽഖർ സൽമാന്റെ വാഹനം പിടിച്ചെടുത്തു. ഡിഫൻഡർ വാഹനമാണ് സംഘം പിടിച്ചെടുത്തത്. ഇതിന് പുറമെ, കൂടുതൽ വാഹനങ്ങൾ ഉണ്ടെങ്കിൽ ഹാജരാക്കണമെന്ന് അറിയിച്ച് സമൻസും നൽകി.

കൊച്ചിയിൽ നിന്ന് രണ്ട് വാഹനങ്ങളാണ് പിടിച്ചെടുത്തത്. അതിലൊന്ന് ദുൽഖറിൻറേതാണെന്ന് കസ്റ്റംസ് വ്യക്തമാക്കി. കോഴിക്കോട്, മലപ്പുറം ജില്ലകളിലെ ഏഴിടങ്ങളിൽ നിന്നായി 11 വാഹനങ്ങളും പിടിച്ചെടുത്തു. പിടിച്ചെടുത്ത വാഹനങ്ങൾ കരിപ്പൂർ വിമാനത്താവളത്തിലുള്ള കസ്റ്റംസ് ഓഫീസിൽ എത്തിക്കുമെന്നാണ് റിപ്പോർട്ട്.

ഭൂട്ടാനിൽ നിന്നുള്ള ആഡംബര കാറുകൾ നികുതി വെട്ടിച്ച് ഇന്ത്യയിൽ എത്തിയെന്ന ഇൻറലിജൻസ് വിവരത്തിന്റെ അടിസ്ഥാനത്തിലാണ് കസ്റ്റംസ് പരിശോധന നടത്തിയത്. സംസ്ഥാനത്ത് കോഴിക്കോട്, മലപ്പുറം, എറണാകുളം, തിരുവനന്തപുരം എന്നീ ജില്ലകളിലാണ് പരിശോധന നടത്തിയത്.

കോഴിക്കോട്, മലപ്പുറം ജില്ലകളിലായി നാല് ഷോറൂമുകളിലും മൂന്ന് വീടുകളിലുമാണ് കസ്റ്റംസ് ഉദ്യോഗസ്ഥർ പരിശോധന നടത്തിയത്. ഓപ്പറേഷൻ സംബന്ധിച്ച് വിവരങ്ങൾ നൽകുന്നതിനായി കസ്റ്റംസ് കമ്മീഷണർ വൈകുന്നേരം മാധ്യമങ്ങളെ കാണുമെന്നും അറിയിച്ചിട്ടുണ്ട്.

വില കൂടിയ ആഡംബര വാഹനങ്ങൾ ഭൂട്ടാനിൽ നിന്നും രജിസ്റ്റർ ചെയ്ത് നികുതി വെട്ടിക്കുന്നവരെ കണ്ടെത്തുന്ന പരിശോധനയാണ് ഓപ്പറേഷൻ നുംഖോർ. ഇത്തരത്തിൽ വാഹനങ്ങൾ കൈപ്പറ്റിയ ഉപഭോക്താക്കളെ തേടിയാണ് ഇന്ന് പരിശോധന നടത്തുന്നത്. നുംഖോർ എന്നാൽ ഭൂട്ടാൻ ഭാഷയിൽ വാഹനം എന്നാണ് അർഥം. പൃഥിരാജിന്റെ തിരുവനന്തപുരത്തെ വീട്ടിൽ കസ്റ്റംസ് പരിശോധന നടത്തിയെങ്കിലും വാഹനങ്ങളൊന്നും കണ്ടെത്താൻ കഴിയാത്തതിനാൽ മടങ്ങി പോയെന്നാണ് വിവരം. കൊച്ചിയിൽ തേവരയിലെ പൃഥിരാജിന്റെ ഫ്ലാറ്റിലും പനമ്പള്ളി നഗറിലെ ദുൽഖറിന്റെ വീട്ടിലും പരിശോധന നടന്നു. കേരളത്തിലെ പ്രമുഖരായ വ്യവസായികളുടെ വീടുകളിലും കാർ ഷോറൂമുകളിലും പരിശോധന നടക്കുന്നുണ്ട്.

റോയൽ ഭൂട്ടാൻ ആർമി ഉപേക്ഷിച്ച 150 വാഹനങ്ങൾ നിയമവിരുദ്ധമായി ഇന്ത്യയിലേക്ക് കടത്തി ഹിമാചൽ പ്രദേശിൽ രജിസ്റ്റർ ചെയ്ത് നാലിരട്ടി വിലയ്ക്കു വിറ്റഴിച്ചെന്ന വാർത്ത നേരത്തെ പുറത്തുവന്നിരുന്നു. ഇതിന്റെ പശ്ചാത്തലത്തിലാണ് ഡയറക്ടറേറ്റ് ഓഫ് റവന്യു ഇൻറലിജൻസും (ഡിആർഐ) കസ്റ്റംസും കേസ് അന്വേഷിക്കുന്നത്. ലാൻഡ് ക്രൂസർ, ലാൻഡ് റോവർ, ടാറ്റ എസ്‌യുവികൾ, മഹീന്ദ്രടാറ്റ ട്രക്കുകൾ എന്നിവയും കടത്തിക്കൊണ്ടുവന്ന വാഹനങ്ങളിൽ ഉൾപ്പെടുന്നു. ഭൂട്ടാനിൽ രജിസ്റ്റർ ചെയ്ത വാഹനം പിന്നീട് ഹിമാചൽ പ്രദേശിലെത്തിക്കുന്നു. അവിടെ നിന്നുമാണ് കേരളത്തിലേക്ക് എത്തുന്നത്.

ഹിമാചൽ പ്രദേശിലെ എച്ച്പി52 റജിസ്ട്രേഷൻ നമ്പറിലാണ് കൂടുതൽ വാഹനങ്ങളും രജിസ്റ്റർ ചെയ്തിട്ടുള്ളത്. അവിടത്തെ രജിസ്ട്രേഷൻ അതോറിറ്റിയുടെ എൻഒസി ഉൾപ്പെടെയാണ് കേരളത്തിൽ കാറുകൾ വിൽക്കുന്നത്.

കേരളത്തിൽ എത്തിച്ച പല വാഹനങ്ങളും റീ രജിസ്റ്റർ ചെയ്ത് 'കെഎൽ' നമ്പറുകളാക്കിയിട്ടുണ്ട്. അഞ്ച് ലക്ഷം രൂപയിൽ താഴെ വിലയ്ക്കാണ് ഭൂട്ടാൻ പട്ടാളം വാഹനങ്ങൾ ഒരുമിച്ച് വിറ്റത്. ഇത്തരം വാഹനങ്ങൾ കേരളത്തിൽ 40 ലക്ഷം രൂപയ്ക്ക് വരെ വിറ്റഴിച്ചിട്ടുണ്ടെന്നാണ് അന്വേഷണ സംഘത്തിന് ലഭിച്ച വിവരം.



പത്താമത് ആയുർവേദ ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി വീണാ ജോർജ് നിർവഹിക്കുന്നു

# ആയുർവേദ മേഖലയ്ക്ക് സർക്കാർ നൽകിയത് മികച്ച പരിഗണന : മന്ത്രി വീണാ ജോർജ്ജ്

ആയുർവേദ ഗവേഷണത്തിനും വികസനത്തിനും ഊന്നൽ നൽകി ആയുർവേദ മേഖലയ്ക്ക് സംസ്ഥാന സർക്കാർ മികച്ച പരിഗണന നൽകിയിട്ടുണ്ടെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. പത്താമത് ആയുർവേദ ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം മാസ്ക്കറ്റ് ഹോട്ടലിൽ നിർവഹിക്കുകയായിരുന്നു മന്ത്രി. 'ആയുർവേദം മാനവരാശിക്കും ഭൂമിക്കും' എന്നതാണ് ഈ വർഷത്തെ ദിനാചരണത്തിന്റെ വിഷയം. ആയുർവേദത്തെ ഒരു ചികിത്സാശാസ്ത്രം എന്നതിലുപരി ഒരു സംസ്കാരവും ജീവിതരീതിയുമായി കാണണം. മനുഷ്യനും പ്രകൃതിയും സന്തുലിതമായ അവസ്ഥയിൽ സുസ്ഥിരമായി മുന്നോട്ട് പോകുന്നതിന് ആയുർവേദം പ്രാധാന്യം നൽകുന്നുവെന്ന് മന്ത്രി പറഞ്ഞു.

ആയുർവേദ ശാസ്ത്രത്തിൽ ഗവേഷണത്തിനുള്ള പ്രാധാന്യം മനസിലാക്കി സംസ്ഥാനത്ത് ഒരു അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രം സ്ഥാപിക്കപ്പെടുകയാണ്. കിഫ്ബി ധനസഹായത്തോടെ ആരംഭിച്ച ആരോഗ്യമേഖലയിലെ ഫ്ലാഗ്ഷിപ്പ് പദ്ധതികളിൽ ഒന്നായ ഈ കേന്ദ്രവും മാനുസ്ക്രിപ്റ്റ് സെന്ററും ഉൾപ്പെടെയുള്ള ബ്ലോക്കുകളുടെ നിർമ്മാണം ഡിസംബറോടെ പൂർത്തിയാകും.

വിദേശത്തുനിന്നുള്ള സ്കോളർമാർ ഉൾപ്പെടെയുള്ളവർക്ക് ഇവിടെയെത്തി ഗവേഷണം നടത്താനും കേരളത്തിന്റെ ചികിത്സാ രീതികൾ നേരിട്ട് മനസ്സിലാക്കാനും സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി കേരളത്തിലെ താളിയോല ശേഖരങ്ങൾ ഉൾപ്പെടെ ലോകത്തിലെ ഏറ്റവും വിപുലമായ ആയുർവേദ ലൈബ്രറി ഇവിടെ സജ്ജമാക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. നൂറ് കിടക്കകളുള്ള ആശുപത്രി, ഔഷധ സസ്യങ്ങൾ വളർത്തുന്നതിനുള്ള നഴ്സറി എന്നിവയും കേന്ദ്രത്തിന്റെ ഭാഗമായിരിക്കുമെന്ന് മന്ത്രി അറിയിച്ചു.

ആയുഷ് മേഖലയിൽ കേരളം രാജ്യത്തിന് മാതൃകയാണ്. സംസ്ഥാനത്തെ ആയുഷ് സ്ഥാപനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള എൻ.എ.ബി.എച്ച് അക്രഡിറ്റേഷന് വേണ്ടി കേരളം തയ്യാറാക്കിയ മാർഗ്ഗരേഖ രാജ്യമൊട്ടാകെ അംഗീകരിച്ചു. രാജ്യത്ത് ആദ്യമായി 250 ആയുർവേദ സ്ഥാപനങ്ങൾക്ക് എൻ.എ.ബി.എച്ച് അക്രഡിറ്റേഷൻ ലഭിച്ചതും കേരളത്തിലാണ്. ആയുഷ് മേഖലയിലെ ഐ.ടി സേവനങ്ങൾ ഏറ്റവും മികച്ച രീതിയിൽ നടപ്പാക്കിയ സംസ്ഥാനമായി കേരളത്തെ കേന്ദ്ര സർക്കാർ തിരഞ്ഞെടുത്തതും ഈ രംഗത്തെ നേട്ടമാണെന്ന് മന്ത്രി പറഞ്ഞു. കഴിഞ്ഞ 40 വർഷത്തിനിടെ ആദ്യമായി ആയുർവേദ മേഖലയിൽ 122 പുതിയ തസ്തികകൾ സൃഷ്ടിക്കാൻ സർക്കാരിന് കഴിഞ്ഞു. ആയുർവേദ രംഗത്തെ സർട്ടിഫിക്കറ്റ്, ഡിപ്ലോമ കോഴ്സുകൾക്ക് ഒരു ഏകീകൃത സ്വഭാവം കൊണ്ടുവരാനും വെൽനസ് സ്ഥാപനങ്ങൾക്ക് ഗുണമേന്മ ഉറപ്പാക്കാനും നടപടികൾ സ്വീകരിച്ചുവരുന്നതായും മന്ത്രി കൂട്ടിച്ചേർത്തു.

പൊതുജനങ്ങൾക്ക് സംസ്ഥാനത്തെ യോഗ ക്ലബ്ബുകളെ കുറിച്ചുള്ള വിവരം ലഭ്യമാക്കുന്ന ആയുഷ് യോഗ ക്ലബ് ആപ്പ് മന്ത്രി പ്രകാശനം ചെയ്തു. ആയുർകർമ്മ, 240 സ്ഥാപനങ്ങളിൽ ഇ ഹോസ്പിറ്റൽ സംവിധാനം, സുപ്രജ, ആയുഷ് ഇൻഫെർട്ടിലിറ്റി ക്ലിനിക്, NPPMOMD, എൻസിഡി സ്പെഷ്യാലിറ്റി ക്ലിനിക്, ഹർഷം, ദൃഷ്ടി ക്ലിനിക്, ആരോഗ്യ നൗക, സ്പോർട്സ് ആയുർവേദ തുടങ്ങിയ പദ്ധതികളുടെ ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു.

വനിതകൾക്ക് ആയുർവേദത്തിൽ അധിഷ്ഠിതമായ ഗർഭകാല-പ്രസവാനന്തര ശുശ്രൂഷയിൽ ശാസ്ത്രീയ പരിശീലനം നൽകുന്ന സൂതികാമിത്രം പദ്ധതിയുടെ ധാരണാപത്രം മന്ത്രിയുടെ സാന്നിധ്യത്തിൽ ദേശീയ ആയുഷ് മിഷൻ കേരള ഡയറക്ടർ ഡോ. ഡി സജിത്ത് ബാബുവും ആയുർവേദ ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടർ ഡോ. ടി ഡി ശ്രീകുമാറും തമ്മിൽ ഒപ്പിട്ടു കൈമാറി.

വി.കെ. പ്രശാന്ത് എംഎൽഎ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ദേശീയ ആയുഷ് മിഷൻ കേരള നോഡൽ ഓഫീസർ അജിത എ, ആയുർവേദ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യ ജനറൽ സെക്രട്ടറി ഡോ പി കെ ഹരിദാസ്, ഔഷധി മാനേജിങ് ഡയറക്ടർ ഡോ ടി കെ ഹൃദീക്, ഹോംകോ മാനേജിങ് ഡയറക്ടർ ഡോ ശോഭ ചന്ദ്രൻ, ഭാരതീയ ചികിത്സ വകുപ്പ് ഡയറക്ടർ ഡോ പ്രീയ കെ എസ് തുടങ്ങിയവർ പങ്കെടുത്തു.

# കെ. ജെ. ഷൈനിനെതിരായ സൈബർ ആക്രമണ കേസ്: കെ. എം. ഷാജഹാനെ ഇന്ന് ചോദ്യം ചെയ്യും

കൊച്ചി: സിപിഎം നേതാവ് കെ. ജെ. ഷൈനിനെതിരായ സൈബർ ആക്രമണ കേസുമായി ബന്ധപ്പെട്ട് കെ. എം. ഷാജഹാനെ ഇന്ന് ചോദ്യം ചെയ്യും. യൂട്യൂബ് ചാനലിലൂടെ ഷൈനെയും കെ. എൻ. ഉണ്ണികൃഷ്ണൻ എംഎൽഎയും അധിക്ഷേപിച്ച് വീഡിയോ ഇട്ടു എന്നതാണ് ഷാജഹാനെതിരായ കെ. ജെ ഷൈനിന്റെ പരാതി.

വീഡിയോ അപ്‌ലോഡ് ചെയ്യാൻ ഉപയോഗിച്ച ഷാജഹാന്റെ ഫോൺ പോലീസ് തിങ്കളാഴ്ച പിടിച്ചെടുത്തിരുന്നു. ചോദ്യംചെയ്യലിനായി ഇന്ന് ഉച്ചയ്ക്ക് ശേഷം ആലുവ സൈബർ ക്രൈം പോലീസ് സ്റ്റേഷനിൽ ഹാജരാകാനാണ് നിർദ്ദേശം.

ഷാജഹാന്റെ ഫോൺ പരിശോധനയ്ക്ക്

കെ. എം. ഷാജഹാന്റെ തിരുവനന്തപുരം ഉള്ളൂരിലെ വീട്ടിൽ സൈബർ പോലീസ് നടത്തിയ പരിശോധനയിൽ പിടിച്ചെടുത്ത ഫോൺ സൈബർ പരിശോധനയ്ക്ക് വൈകാതെ കൈമാറും. തിങ്കളാഴ്ച രാത്രി എറണാകുളം റൂറൽ സൈബർ ക്രൈം പോലീസ് നടത്തിയ പരിശോധനയിലാണ് ഷാജഹാന്റെ ഐഫോൺ പോലീസ് പിടിച്ചെടുത്തത്.

സാമൂഹമാധ്യമത്തിൽ ചിത്രം അപ്‌ലോഡ് ചെയ്ത ഫോണാണ് പിടിച്ചെടുത്തത്. ഡിജിറ്റൽ തെളിവുകൾ തേടി ഇന്നലെ രാത്രി വൈകിയും പോലീസ് സംഘം പരിശോധന തുടർന്നിരുന്നു. ഏതാനും രേഖകളും കണ്ടെത്തിയെന്നാണ് വിവരം.

സമൂഹമാധ്യമ അക്കൗണ്ടുകളുടെ വിവരങ്ങൾ പോലീസിന് കൈമാറാൻ മെറ്റ

സിപിഎം നേതാവ് കെ. ജെ. ഷൈനിനെതിരായ സൈബർ ആക്രമണ കേസിൽ പ്രതികളുടെയും പോലീസ് നിരീക്ഷണത്തിലുള്ള സമൂഹമാധ്യമ അക്കൗണ്ടുകളുടെയും വിവരങ്ങൾ അന്വേഷണ സംഘത്തിന് കൈമാറാനൊരുങ്ങി മെറ്റ. ഇതിന്റെ ഭാഗമായി വിവരങ്ങൾ ക്രോഡീകരിച്ചു വരുന്നതായി മെറ്റ അന്വേഷണ ഉദ്യോഗസ്ഥരെ അറിയിച്ചു.

കേസിൽ പ്രതിച്ചേർത്തിട്ടുള്ള കെ. എം. ഷാജഹാൻ, കോൺഗ്രസ് പ്രദേശിക നേതാവ് സി. കെ. ഗോപാലകൃഷ്ണൻ എന്നിവരുടെ സമൂഹമാധ്യമ അക്കൗണ്ടുകൾക്ക് പുറമേ പോസ്റ്റ് ഷെയർ ചെയ്ത നൂറോളം പേജുകൾ പോലീസ് നിരീക്ഷണത്തിലാണ്. പരമാവധി സൈബർ തെളിവുകൾ ശേഖരിച്ച് പ്രതികളെ വൈകാതെ ചോദ്യം ചെയ്യാനാണ് അന്വേഷണസംഘത്തിന്റെ നീക്കം.

കഴിഞ്ഞ ദിവസം ഗോപാലകൃഷ്ണന്റെ വീട്ടിൽ പരിശോധന നടത്തിയ അന്വേഷണസംഘം മൊബൈൽ ഫോൺ പിടിച്ചെടുത്തിരുന്നു. ചോദ്യം ചെയ്യലിന് ഹാജരാകാൻ നോട്ടീസും നൽകിയിട്ടുണ്ട്. നിലവിൽ ഇയാൾ ഒളിവിലാണ്. യുട്യൂബർ കൊണ്ടോട്ടി അബുവിനെക്കൂടി കേസിൽ പ്രതി ചേർത്തിട്ടുണ്ട്.

ഗോപാലകൃഷ്ണന്റെ മൊബൈൽ ടവർ ലൊക്കേഷൻ കേന്ദ്രീകരിച്ച് നടത്തിയ അന്വേഷണം ചെന്നെത്തിയത് ഇയാളുടെ പറവൂരിലെ വീട്ടിലാണ്. പരിശോധന നടത്തിയ അന്വേഷണ സംഘം മൊബൈൽ ഫോൺ പിടിച്ചെടുക്കുകയായിരുന്നു. അധിക്ഷേപ പരാമർശമുള്ള പോസ്റ്റ് ഇട്ടത് ഈ ഫോണിൽ നിന്നുതന്നെയാണോയെന്ന് പരിശോധിക്കാൻ സൈബർ ഫോറൻസിക് സംഘത്തിന് കൈമാറും. ആലുവ സൈബർ പോലീസിന് മുമ്പാകെയാണ് ചോദ്യം ചെയ്യലിന് ഹാജരാകാൻ ആവശ്യപ്പെട്ടിട്ടുള്ളത്.

കേസിൽ ഗോപാലകൃഷ്ണനും, കെ. എം. ഷാജഹാനും പുറമേ കൂടുതൽ പേരെ പ്രതി ചേർക്കുന്ന നടപടികളിലേക്കും കടക്കുകയാണ് അന്വേഷണസംഘം. കൊണ്ടോട്ടി അബു എന്ന ഫേസ്ബുക്ക് പ്രൊഫൈൽ ഉടമ യാസറിനെ മൂന്നാം പ്രതിയാക്കി കേസെടുത്തു. ഷാജഹാന്റെയും ഗോപാലകൃഷ്ണന്റെയും പോസ്റ്റുകളിൽ കമൻറിട്ടവരിൽ നിന്നടക്കം മൊഴി രേഖപ്പെടുത്തിയേക്കും.

# പ്രവാസികളെ ചേർത്തുപിടിക്കുന്നതിൽ സർക്കാർ പ്രതിജ്ഞാബദ്ധമെന്ന് മുഖ്യമന്ത്രി; നോർക്ക കെയർ പദ്ധതിക്ക് തുടക്കം

തിരുവനന്തപുരം: ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ജീവിച്ച് നാടിന്റെ പുരോഗതിക്കായി വലിയ സംഭാവന നല്കുന്നവരാണ് പ്രവാസി സമൂഹമെന്നും അവരുടെ കഠിനാധ്വാനവും ത്യാഗവും നാടിന്റെ വികസനത്തിന് വലിയ സഹായമാണെന്നും മുഖ്യമന്ത്രി പിണറായി വിജയൻ. അതിനാൽ തന്നെ പ്രവാസികളെ ചേർത്തുപിടിക്കുന്ന കാര്യത്തിൽ പ്രതിജ്ഞാബദ്ധമായ സമീപനമാണ് സർക്കാരിനുള്ളതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

പ്രവാസികൾക്കായുള്ള 'നോർക്ക കെയർ' ആരോഗ്യ അപകട ഇൻഷുറൻസ് പദ്ധതി ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു മുഖ്യമന്ത്രി. പ്രവാസികളുടെ ദീർഘകാലമായുള്ള ആവശ്യമാണ് സാക്ഷാത്കരിക്കപ്പെട്ടത്. പ്രവാസികൾക്ക് മാത്രമായി രാജ്യത്ത് ആദ്യമായി നടപ്പാക്കുന്ന പദ്ധതിയാണിത്. അംഗങ്ങൾക്ക് അഞ്ചു ലക്ഷം രൂപയുടെ ചികിത്സാ പരിരക്ഷയും 10 ലക്ഷം രൂപയുടെ അപകട ഇൻഷുറൻസ് പരിരക്ഷയും ലഭിക്കും.

ഒട്ടേറെ ഇൻഷുറൻസ് പദ്ധതികളുമായി താരതമ്യം ചെയ്യുമ്പോൾ പ്രീമിയം നിരക്കിന്റെ കുറവ് ഈ പദ്ധതിയുടെ ആകർഷണമാണ്. മറ്റൊരു പ്രത്യേകത കേരളത്തിൽ അഞ്ഞൂറിലധികം ആശുപത്രികളിലൂടെ ഈ ഇൻഷുറൻസ് പദ്ധതിയിലൂടെ ചികിത്സാ സൗകര്യം ഉറപ്പാക്കുന്നുവെന്നതാണ്.

നിലവിൽ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലെ ആശുപത്രികളിലും ഇൻഷുറൻസ് കാർഡ് ഉപയോഗിച്ച് ചികിത്സ തേടാം. ഭാവിയിൽ ജിസിസി രാജ്യങ്ങളിലെ ആശുപത്രികളിലേക്കും പദ്ധതി വ്യാപിപ്പിക്കുന്നത് പരിശോധിക്കും.

പ്രവാസികളുടെ ക്ഷേമം ഉറപ്പാക്കുക, അവർക്ക് ആവശ്യമായ സേവനങ്ങൾ മികച്ച ഗുണനിലവാരത്തിൽ സമയബന്ധിതമായി നല്കുക എന്നീ കാര്യത്തിൽ കേരളം മികച്ച മാതൃകയാണ്. കഴിഞ്ഞ ദശാബ്ദകാലത്തെ അനുഭവമെടുത്താൽ പ്രവാസികളുടെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും താങ്ങും തണലുമായി നില്ക്കാൻ സർക്കാരിനു കഴിഞ്ഞതായും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.

നോർക്കയുടെ വിവിധ പ്രവർത്തനങ്ങളിലൂടെ ലോകത്തെ മലയാളികളെ ഒരുമിപ്പിച്ചു നിർത്തുന്നുവെന്ന് അധ്യക്ഷപ്രസംഗം നടത്തിയ ധനമന്ത്രി കെ. എൻ ബാലഗോപാൽ പറഞ്ഞു. മലയാളികൾക്കു ഒന്നിച്ചു ചേരാനുള്ള വേദിയായി ലോക കേരള സഭ മാറി. രക്ഷകർത്താവിനെപ്പോലെ മുഖ്യമന്ത്രി എല്ലാത്തിനും മുന്നിൽ നിന്നു പ്രവർത്തിക്കുന്നുവെന്നും മന്ത്രി കൂട്ടിച്ചേർത്തു.

നോർക്ക കെയർ മൊബൈൽ ആപ്പും ചടങ്ങിൽ പ്രകാശനം ചെയ്തു. പദ്ധതിയുടെ ഭാഗമാകുന്ന ആദ്യ പ്രവാസി കുടുംബത്തിനുള്ള ഇ-കാർഡ് നോർക്ക റൂട്ട്സ് റസിഡൻറ് വൈസ് ചെയർമാൻ പി. ശ്രീരാമകൃഷ്ണൻ കൈമാറി.

നോർക്ക വകുപ്പ് സെക്രട്ടറി എസ് ഹരികിഷോർ, ലോകകേരള സഭാ ഡയറക്ടർ അസിഫ് കെ. യൂസഫ്, നോർക്ക റൂട്ട്സ് ഡയറക്ടർ ഒ. വി. മുസ്തഫ, എൻ. ആർ. ഐ. (കെ) കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് (റിട്ട) സോഫി തോമസ്, കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് ചെയർമാൻ ഗഫൂർ പി. ലില്ലിസ്, ന്യൂ ഇന്ത്യ അഷ്വറൻസ് കോർപറേഷൻ മാനേജിംഗ് ഡയറക്ടർ ഗിരിജ സുബ്രമണ്യൻ, നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അജിത് കോളശേരി, ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെൻറ് ആൻഡ് ഹോൾഡിംഗ് ലിമിറ്റഡ് മാനേജിംഗ ഡയറക്ടർ ഡോ. ബാജു ജോർജ്, വിവിധ പ്രവാസി സംഘടനാ പ്രതിനിധികൾ, വിശിഷ്ടാതിഥികൾ തുടങ്ങിയവരും ചടങ്ങിൽ പങ്കെടുത്തു.

# അമീബിക് മസ്തിഷ്ക ജ്വരം: കർശന നിർദേശങ്ങളുമായി ആരോഗ്യവകുപ്പ്, ലംഘിച്ചാൽ നടപടി

തിരുവനന്തപുരം: അമീബിക് മസ്തിഷ്ക ജ്വരത്തെ പ്രതിരോധിക്കാൻ നിർദേശങ്ങളുമായി ആരോഗ്യവകുപ്പ്.

മലിനമായ കുളങ്ങൾ, തടാകങ്ങൾ, ഒഴുക്ക് കുറഞ്ഞ തോടുകൾ തുടങ്ങിയ ജലാശയങ്ങളിൽ മുങ്ങി കുളിക്കരുത്. നീന്തൽ പരിശീലന കേന്ദ്രങ്ങൾ, വാട്ടർ തീം പാർക്കുകൾ എന്നിവിടങ്ങളിലെ ജലാശയങ്ങളിൽ ക്ലോറിനേഷൻ നടത്തണം. ജലത്തിലെ ക്ലോറിന്റെ അളവ് പരിശോധിച്ചു രജിസ്റ്ററിൽ നടത്തിപ്പുകാർ രേഖപ്പെടുത്തണം. ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിയോ ആരോഗ്യ വിഭാഗം ഉദ്യോഗസ്ഥരോ ആവശ്യപ്പെട്ടാൽ രേഖകൾ ഹാജരാക്കണമെന്നും ആരോഗ്യവകുപ്പിന്റെ ഉത്തരവിൽ പറയുന്നു.

കുടിവെള്ളത്തിന് ഉപയോഗിക്കുന്ന ജല സംഭരണികളിലും ക്ലോറിനേഷൻ നടത്തണം. ജലസ്രോതസുകളിലേക്ക് ഒഴുകിയെത്തുന്ന എല്ലാത്തരം ദ്രവമാലിന്യ കുഴലുകളും ഒഴിവാക്കണം. ജലസ്രോതസുകളിൽ ഖര മാലിന്യം നിക്ഷേപിക്കുന്നത് ഒഴിവാക്കണം. ഇത് പാലിക്കപ്പെടുന്നുണ്ടെന്ന് പബ്ലിക് ഹെൽത്ത് ഓഫീസർമാരും ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥരും ഉറപ്പുവരുത്തണമെന്നും ഉത്തരവിലുണ്ട്.

നിർദേശങ്ങൾ ലംഘിക്കുന്നവർക്കെതിരെ പൊതുജനാരോഗ്യ നിയമപ്രകാരം കേസെടുക്കുമെന്ന് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. പബ്ലിക് ഓഫീസർമാർ ആഴ്ചതോറും സംസ്ഥാന സർവൈലൻസ് ഓഫീസർക്ക് റിപ്പോർട്ട് നൽകണമെന്നും ആരോഗ്യവകുപ്പ് നിർദേശം നല്കി.

# ഡോ. ബി. അശോകിന്റെ ഹർജിയിൽ വേഗം തീരുമാനമെടുക്കണം: സിഎടിയോടു ഹൈക്കോടതി

കൊച്ചി: ഐഎഎസ് ഉദ്യോഗസ്ഥൻ ഡോ. ബി. അശോക് നൽകിയ ഹർജിയിൽ ഗവർണറെ കക്ഷി ചേർത്തതിലടക്കം കേന്ദ്ര അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ (സിഎടി ) വേഗത്തിൽ തീരുമാനമെടുക്കണമെന്ന് ഹൈക്കോടതി.

അശോകിന്റെ സ്ഥലം മാറ്റം തടഞ്ഞ സിഎടി ഉത്തരവിട്ടതിനെതിരേ സർക്കാർ നൽകിയ ഹർജിയിലാണു വിഷയം തുടർച്ചയായി പരിഗണിച്ച് തീരുമാനമെടുക്കാൻ ചീഫ് ജസ്റ്റീസ് നിതിൻ ജാംദാർ, ജസ്റ്റീസ് ബസന്ത് ബാലാജി എന്നിവരുൾപ്പെട്ട ഡിവിഷൻ ബെഞ്ച് നിർദേശം നൽകിയത്.

ഒരേ കാര്യത്തിൽ സമാന്തര നിയമനടപടി അഭികാമ്യമല്ലെന്നു വിലയിരുത്തിയ ഡിവിഷൻ ബെഞ്ച് ട്രൈബ്യൂണലിന്റെ അന്തിമ തീരുമാനം എന്താണെന്ന് അറിയേണ്ടതുണ്ടെന്ന് വ്യക്തമാക്കി. തുടർന്ന് തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് ട്രൈബ്യൂണൽ വിഷയം പരിഗണിച്ചു.

ഗവർണറെ കക്ഷി ചേർത്തതിലടക്കം സർക്കാർ എതിർപ്പ് ഉന്നയിച്ചു. ട്രൈബ്യൂണലിൽ ഇന്നും വാദം തുടരും. സ്ഥലം മാറ്റം ചോദ്യം ചെയ്തു ബി. അശോക് നൽകിയ ഹർജിയിൽ ഗവർണറെ കക്ഷി ചേർത്തതടക്കം തെറ്റാണെന്നാണു സർക്കാരിന്റെ വാദം.

# അപേക്ഷ ക്ഷണിച്ചു

സർവെ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട്- കേരളയിൽ ഉടൻ ആരംഭിക്കുന്ന മോഡേൺ സർവെ കോഴ്സിലേക്ക് ഐ.ടി.ഐ സർവെ/ സിവിൽ, ചെയിൻ സർവെ, വി.എച്ച്.എസ്.ഇ സർവെ, ബി.ടെക്. സിവിൽ, ഡിപ്ലോമ സിവിൽ യോഗ്യതയുള്ളവരിൽ നിന്നും, ചെയിൻ സർവെ കോഴ്സിലേക്ക് എസ്.എസ്.എൽ.സി. തത്തുല്യ യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. വിശദവിവരങ്ങൾക്ക്: 0471 2965099, 9961615876, 9446063062.